# താമരമൊട്ടുകൾ

വാല്യം 23 | മാർച്ച് 2021 | ലക്കം 03 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ മാർച്ച് 2021 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 147 |
| 2. | പ്രോഗ്രാം മാർച്ച് 2021 | 149 |
| 3. | സർക്കുലർ 06/2021 | 150 |
| 4. | സർക്കുലർ 07/2021 | 153 |
| 5. | സർക്കുലർ - മദ്യവിരുദ്ധ ഞായർ | 155 |
| 6. | സർക്കുലർ 08/2021 | 159 |
| 7. | സർക്കുലർ 09/2021 | 164 |
| 8. | നോമ്പുകാല സന്ദേശം | 168 |
| 9. | സർക്കുലർ 03/2021 | 174 |
| 10. | സർക്കുലർ 04/2021 | 178 |
| 11. | സർക്കുലർ 05/2021 | 185 |
| 12. | കച്ചേരികാര്യം | 190 |
| 13. | സെമിനാരി വാർത്തകൾ | 194 |
| 14. | ബൈബിൾ അപ്പസ്തോലേറ്റ് | 195 |
| 15. | മതബോധനം | 196 |
| 16. | ചെറുപുഷ്പ മിഷൻലീഗ് | 199 |
| 17. | തിരുബാലസഖ്യം | 200 |
| 18. | ലിറ്റർജി കമ്മീഷൻ | 201 |
| 19. | കുടുംബകൂട്ടായ്മ | 203 |
| 20. | മാതൃവേദി | 204 |
| 21. | ആദരാഞ്ജലികൾ | 206 |
| 22. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 207 |
| 23. | മദ്യവിരുദ്ധ സമിതി | 210 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 213 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 214 |
| 26. | ദീപിക - ഡിഎഫ്സി | 216 |
| 27. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 220 |
| 28. | സ്റ്റാർട്ട് | 221 |
| 29. | ആൽഫ മരിയ അക്കാദമി | 223 |
| 30. | അൽഫോൻസ കോളേജ് തിരുവമ്പാടി | 224 |
| 31. | വിദ്യാഭ്യാസരംഗം | 226 |
| 32. | അജപാലനക്കുറിപ്പുകൾ | 228 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 18 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

**March 19**



Rev. Fathers

Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Kappil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph



**Mar Remigiose Inchananiyil**

# പുതിയ ജനറൽ, പ്രൊവിൻഷ്യൽ ടീമുകൾക്ക് അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...



CST, St. Thomas Provincial Team




St. Philip Neri of Thamarassery General Team



MSMI Mary Matha Provincial Team

# പ്രോഗ്രാം മാർച്ച് 2021

| | | |
|---|---|---|
| 19 | വെള്ളി | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 24 | ബുധൻ | ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011) |
| 25 | വ്യാഴം | മംഗളവാർത്ത തിരുനാൾ |
| 26 | വെള്ളി | നാല്പതാം വെള്ളി |
| | | ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020) |
| 28 | ഞായർ | ഓശാന ഞായർ |
| 29 | ചൊവ്വ | ചരമദിനം: ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018) |



*സർക്കുലർ 06/2021*

# ദൈവവിളി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവത്തിന്റെ തെരഞ്ഞെടുപ്പുകൾ വിസ്മയനീയങ്ങളാണ് എന്നത് വി. ഗ്രന്ഥം നൽകുന്ന പാഠമാണ്. ആ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡമെന്താണെന്ന് വലിയ മേമ്പൊടികളില്ലാതെ ഒറ്റ വാചകത്തിൽ വി. ഗ്രന്ഥം അവതരിപ്പിക്കുന്നുണ്ട്. "തനിക്കിഷ്ടമുള്ളവരെ അവിടുന്നു വിളിച്ചു" (മർക്കോസ് 3:13). ദൈവവിളിയുടെ ആധാരം ദൈവത്തിന്റെ ഈ ഇഷ്ടമാണ് എന്നതിന് ദൈവവചനം സാക്ഷ്യം നല്കുന്നു.

ക്രിസ്തീയ അജപാലനത്തിന്റെ മുഖമെന്താണെന്ന് ചോദിച്ച പ്പോൾ ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു: "കാണാതായ ആടിന്റെ ഉപമ യിൽ നൂറിൽ ഒരാട് നഷ്ടപ്പെട്ടപ്പോൾ തൊണ്ണൂറ്റൊമ്പതിനെയും വിട്ട് നഷ്ടപ്പെട്ടതിനെ തേടിയിറങ്ങണമെന്ന് ക്രിസ്തു പഠിപ്പിച്ചു. അകത്തു ള്ളതിന് ഭക്ഷണവും സംരക്ഷണവും നൽകുന്നതിന്റെ വ്യഗ്രതയി ലാണ് നാം. പുറത്തുള്ള ആടുകളെ തേടിയിറങ്ങുന്നതാണ് ക്രീസ്തീയ അജപാലനത്തിന്റെ മർമ്മം. ഇവിടെയാണ് വിശുദ്ധരായ അജപാല കരുടെ പ്രസക്തി". 'ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ, യേശുവിന് അവരു ടെമേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു' (മത്തായി 9:36). ഈ വാചകം വ്യക്തമാക്കുന്ന സത്യം ജനത്തിന്റെ പരിഭ്രാന്തിക്കും നിസ്സഹായത യ്ക്കും സ്വർഗ്ഗം നൽകുന്ന ഉത്തരമാണ് ഒരോ ദൈവവിളിയും എന്ന താണ്. ദൈവഹിതം അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനുള്ള ഉൾവിളിയാണ് ദൈവവിളി. ഈ അർത്ഥത്തിൽ പൗരോഹിത്യവും സന്യാസവും കുടുംബജീവിതവും ഏകസ്ഥ ജീവിതവും ഒരുപോലെ ദൈവവിളികളാണ്. തങ്ങൾ ഏത് ജീവിതാന്തസ് തിരഞ്ഞെടുക്കണ മെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് യുവജനങ്ങൾ മനസ്സിലാ ക്കേണ്ടതുണ്ട്. അതോടൊപ്പം ദൈവസ്വരം ശ്രവിച്ച് ദൈവം നിയോ ഗിക്കുന്ന വഴിയിലേക്കു അവരെ നയിക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും സഭാ നേതൃത്വത്തിനും കടമയുണ്ട്.

വിവിധങ്ങളായ പ്രതിസന്ധികളുടെ നടുവിൽ വ്യക്തമായ ബോധ്യങ്ങളുള്ള യുവതിയുവാക്കളെ സഭയ്ക്ക് ഇന്ന് ആവശ്യമുണ്ട്. വിശുദ്ധമായ പൗരോഹിത്യവും സന്യാസവും ജീവിക്കുന്നവർ എക്കാ ലത്തും നമുക്ക് മുമ്പിലുണ്ട്. എന്നാൽ വീണുപോയവരുടെ കഥകൾ പ്രചരിപ്പിക്കുന്നതാണ് മാധ്യമങ്ങൾക്ക് എന്നും

പ്രിയം. അപ്പസ്തോ ലഗണം ഈശോയെ തള്ളിപ്പറഞ്ഞവരുടെയും ഒറ്റിക്കൊടുത്തവരു ടെയും കൂടിയായിരുന്നു എന്ന സത്യം നാം വിസ്മരിക്കരുത്. ബേത്ഷ ബയുടെയും താമാറിന്റെയും റൂത്തിന്റെയും കൂടി ചരിത്രമില്ലാതെ രക്ഷാകരചരിത്രത്തിന്റെ വംശാവലി പൂർത്തിയാവുകയില്ല എന്ന് മത്തായി സുവിശേഷകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ എന്നും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നത് ക്രിസ്തുവിലേക്ക് വിരൽചൂണ്ടി യാണ്. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുള്ള ക്രിസ്തു വിന്റെ ആഹ്വാനത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന അനേക യുവജനങ്ങളെ ഇന്നും അത്ഭുതത്തോടെ മാത്രമേ നോക്കിക്കാണാ നാകൂ. “ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്” എന്ന പൗലോശ്ലീഹായുടെ വാക്കുകൾ ഹൃദയത്തിലേറ്റുവാങ്ങിയ യുവജന ങ്ങളാണ് സഭയുടെ യഥാർത്ഥ സമ്പത്ത്.

മാതാപിതാക്കൾക്ക് മക്കളെക്കുറിച്ച് സ്വപ്നങ്ങളും പ്രതീക്ഷക ളുമുണ്ട്. അതൊരിക്കലും ദൈവികമായ തിരഞ്ഞെടുപ്പിന് എതിരുനിൽ ക്കുന്നതാകരുത്. കുട്ടികൾ തങ്ങളുടെ ദൈവവിളി തിരിച്ചറിയുമ്പോൾ മാതാപിതാക്കളാണ് അതിനെ ഏറ്റവുമധികം പ്രോത്സാഹിപ്പിക്കേ ണ്ടതും വളർത്താൻ ശ്രമിക്കേണ്ടതും. ‘ദൈവം തന്നതുകൊണ്ട് എനിക്ക് അഹങ്കാരമില്ല, ദൈവം എടുത്തതുകൊണ്ട് എനിക്ക് നൈരാശ്യമില്ല ദൈവത്തിന് മഹത്വം’ എന്ന പഴയനിയമത്തിലെ ജോബിന്റെ വാക്കുകൾ ഒരു ആത്മസമർപ്പണത്തിന്റെ പ്രാർത്ഥനയാണ്. മാതാപിതാക്കൾ സ്വന്തമാക്കേണ്ട മനോഭാവവും ഇതുതന്നെയാണ്. സാമുവൽ പ്രവാചകൻ സാവൂൾ രാജാവിന് പിൻഗാമിയെത്തേടി ജസ്സെയുടെ ഭവനത്തിലെത്തിയപ്പോൾ ജസ്സെ തന്റെ ഏഴ് മക്കളെയും പ്രവാച കന് മുമ്പിൽ നിറുത്തി. എന്നാൽ ദൈവം തിരഞ്ഞെടുത്തത് ആടുകളെ മേയിക്കാൻ പോയ ദാവീദിനെയാണ്. മനുഷ്യന്റെ മാനദണ്ഡങ്ങൾ തെറ്റിപ്പോകുമെന്നും, ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ ഒരു രഹസ്യാ ത്മാകതയുണ്ട് എന്നും ഈ സംഭവം വ്യക്തമാക്കുന്നുണ്ട്.

നമ്മുടെ ഇടവകകളിൽ നിന്ന് പൗരോഹിത്യത്തിലേക്കും സന്യാസ ത്തിലേക്കും ദൈവവിളി സ്വീകരിക്കുന്നവരെ കണ്ടെത്താൻ വൊക്കേഷൻ ബ്യൂറോ നടത്തുന്ന പ്രവർത്തനങ്ങൾക്ക് നൽകുന്ന സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. നമ്മുടെ ആത്മീയ ജീവിത യാത്രയിൽ കണ്ടുമുട്ടുന്ന മക്കളെ ദൈവം ശുശ്രൂഷക്കായി വിളിക്കുന്നു എന്ന് തിരിച്ചറിഞ്ഞാൽ അവരെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അതാണ് ഏറ്റവും വലിയ പ്രേഷിതപ്രവർത്തനം. ദൈവം ഇതുവരെ നല്കിയ അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതാ പ്രകാശനമായി ഈശോ അത് സ്വീകരിക്കും. നല്ല ദൈവവിളികളെ കണ്ടെത്തുവാനും പ്രോത്സാഹി പ്പിക്കുവാനും ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്ന ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും മതാദ്ധ്യാപകരെയും മാതാപിതാക്കളെയും ഉപകാരികളെയും നന്ദിയോടെ ഓർക്കുന്നു. ദൈവം എല്ലാവ രെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2021 മാർച്ച് 7-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 07/2021*

# കുടുംബസുരക്ഷ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ലോകമെങ്ങും ഭീതിപരത്തുകയും ദൈനംദിന ജീവിതത്തെ തകിടം മറിക്കുകയും ചെയ്യുന്ന കോവിഡ് 19 പോലുള്ള മാരക രോഗത്തിനു മുന്നിൽ മനുഷ്യൻ പകച്ചുനില്ക്കുന്നു. ഈ കൊച്ചു കേരള ത്തേയും ഇതുപോലെയുള്ള മാരകമായിട്ടുള്ള രോഗങ്ങൾ ഗ്രസിച്ചു കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയുടെ വിലതകർച്ചയും വിളനാശങ്ങളും പ്രകൃതി ദുരന്തങ്ങളും നമ്മളെ ഓരോ ദിവസവും ബുദ്ധിമുട്ടിലേക്ക് നയിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭ വിക്കുന്ന സാധാരണക്കാരിൽ രോഗങ്ങൾ പോലെയുള്ള ദുരന്തങ്ങൾ ഏൽപിക്കുന്ന ആഘാതം വളരെ വലുതാണ്. ഈ അവസരത്തിൽ സാധാരണക്കാരുടെ വേദനകൾക്ക് ചെറിയ തോതിലെങ്കിലുമുള്ള പരിഹാരം കാണുന്നതിനായി രൂപത സാമൂഹ്യസേവന വിഭാഗമായ സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് (സി.ഒ.ഡി) വഴി നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷൂറൻസ് പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.


കോഴിക്കോട് മലപ്പുറം ജില്ലകളിലെ ഇടത്തരക്കാർക്കും പാവങ്ങൾക്കുമായി കഴിഞ്ഞ 4 വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന കുടുംബസുരക്ഷ ഇൻഷൂറൻസ് പദ്ധതി വിജയകരമായി നടത്തുവാൻ കഴിഞ്ഞു. അസുഖങ്ങളാലും, അപകടങ്ങളാലും വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട 1814 കുടുംബങ്ങൾക്ക് 2,17,68,000 രൂപ ആരോഗ്യ സംരക്ഷണത്തിനായി നേടിയെടുക്കുവാൻ സാധിച്ചു. രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സെന്റർ ഫോർ ഓവറോൾ ഡവലപ്മെന്റും (സി.ഒ.ഡി) സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസ് കമ്പനിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിൽ അവിചാരിതമായി വന്നുചേരുന്ന ആരോഗ്യപ്രശ്നങ്ങൾ കുടുംബത്തിന്റെ സാമ്പ ത്തിക ഭദ്രതയ്ക്ക് ഭീക്ഷണിയാകുന്നു. ഇങ്ങനെയുള്ള പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കുവാൻ ഈ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി കൊണ്ട് സാധ്യമായിട്ടുണ്ട്. 3000 രൂപ പ്രീമിയത്തിൽ 1 ലക്ഷം രൂപ വരെ ഒരു കുടുംബത്തിലെ ഭാര്യ, ഭർത്താവ്, 70 വയസ്സ് വരെയുള്ള മാതാപിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 6 പേർക്ക് ഇന്ത്യയിലെ എല്ലാ നെറ്റ് വർക്ക് ഹോസ്പിറ്റലിലും 24 മണിക്കൂർ കിടത്തിചികിത്സാ ചിലവിന് ഈ പദ്ധതിയിൽ ക്ലെയിം ചെയ്യാവുന്നതാണ്.

ഇടവകാ വികാരിമാരുടെയും, സന്നദ്ധ സംഘടന പ്രവർത്തകരുടെയും, സി.ഒ.ഡി പ്രവർത്തകരുടെയും അകമഴിഞ്ഞ സേവനങ്ങൾ ഈ മേഖലയിൽ ലഭ്യമാകുന്നതുകൊണ്ടാണ് പദ്ധതി വിജയപ്രദമായി നടത്താൻ കഴിയുന്നത്.

മുൻവർഷങ്ങളിലെപ്പോലെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു. ആരോഗ്യസമ്പൂർണ്ണമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ നമുക്കും പങ്കാളികളാകാം.

സ്നേഹത്തോടെ,
നിങ്ങളുടെ വത്സലപിതാവ്



**✠മാർ റെമിജീയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലറിന്റെ ഉള്ളടക്കം മാർച്ച് 7-ാം തീയതി ദൈവജനത്തെ അറിയിക്കേ ണ്ടതാണ്.

# മദ്യവിരുദ്ധ ഞായർ, 2021 മാർച്ച് 14

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭമാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി ലോകമാസകലം ഭീഷണിയുയർത്തുന്ന ഒരുകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തര പ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായിമാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്ന് മോചനം പ്രാപിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോ മ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകളിലും മദ്യം ഉപയോഗത്തെ സാമൂഹ്യ തിന്മയായും ജനങ്ങളുടെ ആരോഗ്യത്തേയും മനസിനെയും തകർ ക്കുന്ന ആഗോള പ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് രാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി. അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതി വിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 20 ഇരട്ടി വർദ്ധിച്ച് 586-ൽ എത്തി നില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ 4500 കോടി രൂപാ കേരള സർക്കാർ ചിലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചിലവഴിക്കുന്നതെന്ന് ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.

മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നു പോകുമെന്നത് വാസ്തവ വിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കു പ്രകാരം ബാറുകളടച്ചിട്ട 2016-നെക്കാൾ 1,15,053 വിദേശ ടൂറിസ്റ്റുകളും 4774 കോടി രൂപാ വരുമാനവും 2014-ൽ ലഭിച്ചു. ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജ പ്രചരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെയും മൂലകാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയുംവേണം. മദ്യസംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽ നിന്ന് അവരെ അകറ്റി നിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.

സന്തോഷവും സമാധാനവുമുള്ള ഒരുജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തേയും മറ്റുള്ളവരുടെ സ്വൈര്യ ജീവിതത്തെയും മദ്യ-ലഹരികൾക്ക് അടിമകളായിട്ടുള്ളവർ തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടെപിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്. 'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. "മാരക വിഷമാണ് മദ്യം" എന്ന ലേബലിൽ മദ്യകച്ചവടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47-ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമെ മദ്യം ഉല്പാദിപ്പിക്കാൻ പാടുള്ളു.മദ്യപാനികൾ ദൈവ രാജ്യത്തിൽ പ്രവേശിക്കുകയില്ല (1 കൊറി 6:10) എന്ന വേദവാക്യം നാം മറന്നു പോകരുത്. വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കണ്ട. വീഞ്ഞു അനേകരെ നശിപ്പിച്ചിട്ടുണ്ട് (പ്രഭ. 31 : 25). ഇ ൗ തിരുവചന ഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇത് മൂലം നാട്ടിൽ ക്രമസമാധാന നില തകരുന്നു, റോഡപകടങ്ങളും, പീഡനങ്ങളും, ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യ നിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം

വിസ്മരിക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽ നിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്. മദ്യവിമുക്തസഭയുംസമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. മദ്യത്തിന്റെ ദൂഷ്യം മാനവ സമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇടവകകൾതോറും കർമ്മനിരതരായ അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസുകളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരളജനതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തിക്കുകയും തീക്ഷ്ണതയോടെ, പ്രാർത്ഥിക്കുകയുംവേണം. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്ക് നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

---

NB:- 2021 മാർച്ച് മാസം 14-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

*സർക്കുലർ 08/2021*

# Institute of Food and Agricultural Ethics (IFAE)

മിശിഹായിൽ സ്നേഹമുള്ളവരേ,

കാർഷിക മേഖല ഇന്നു നിരവധി സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയുമാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്ന് നമുക്ക് അറിയാമല്ലോ. കാർഷിക വിഭവങ്ങളുടെ ഉല്പാദന ചിലവിന്റെ വർദ്ധനവ്, കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, ശരിയായ കാർഷിക നയങ്ങളുടെ അഭാവം എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ കാർഷിക മേഖലയുടെ നട്ടെല്ലുതന്നെ തകർത്തിരിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ ഒരു മനഃസാക്ഷിയുമില്ലാതെ നിർബാധം തുടരുന്ന ഭക്ഷണ പാനീയങ്ങളിലെ മായം ചേർക്കൽ ഭക്ഷ്യജന്യരോഗങ്ങളുടെയും അർബുദം, കരൾ, വൃക്ക രോഗങ്ങളുടെയും ഗണ്യമായ വർദ്ധനവിനു കാരണമായിട്ടുണ്ട്. കാൻസർരോഗ ശരാശരിയിൽ നമ്മുടെ സംസ്ഥാനം ദേശീയ കാൻസർ ശരാശരിയേക്കാളും ഉയർന്ന നിലയിലാണ് കാണുന്നത്. പ്രതിവർഷം 60,000 പുതിയ കാൻസർ രോഗികളാണ് സംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെടുന്നത് എന്നത് നാം ഗൗരവത്തോടെ നോക്കിക്കാണേണ്ടതുണ്ട്.

നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ശാരീരിക ആരോഗ്യത്തെ മാത്രമല്ല, മറിച്ച് നമ്മുടെ മാനസിക ആരോഗ്യത്തെപ്പോലും ഗണ്യമായി സ്വാധീനിക്കുന്നതിനു കഴിവുള്ളതാണ്. കുട്ടികളിലും കൗമാരപ്രായക്കാരിലും യുവതലമുറയിലും സമീപകാലത്തായി വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രതിസന്ധികൾക്കും അക്രമ-കുറ്റകൃത്യവാസനകൾക്കും അവരുടെ ഭക്ഷണക്രമങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട് എന്നാണ് ആധുനിക മനശാസ്ത്ര ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്.

കൊറോണ വൈറസിന്റെ ആവിർഭാവം മനുഷ്യന്റെ പ്രതിരോധശേഷിയെക്കുറിച്ചുള്ള വിശകലനങ്ങൾക്ക് ആക്കംകൂട്ടിയിട്ടുണ്ട്. നമ്മുടെ പ്രതിരോധശേഷിയാകട്ടെ ഒരുപരിധിവരെ നാം കഴിക്കുന്ന ഭക്ഷണവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുക. അതുകൊണ്ട്തന്നെ ഈ കോവിഡ്കാലത്തും കോവിഡാനന്തര കാലത്തും ഭക്ഷണ കാർഷിക മേഖലയിൽ നാം സത്വരശ്രദ്ധ ചെലുത്തണം. കോവിഡാനന്തരകാലത്തു ലോകം ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പോകുന്നത് ഭക്ഷണ - കാർഷിക മേഖലയിൽ തന്നെയായിരിക്കും.

ഇന്ത്യയിലെ നൂറുശതമാനം സാക്ഷരതയുള്ള ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം. ഏതു മായം ചേർന്ന ഭക്ഷണപാനീയങ്ങൾക്കും കച്ചവടക്കാരും വിപണിയും ആവശ്യക്കാരും നമ്മുടെ നാട്ടിൽ നിർലോഭം ഉണ്ടെന്ന വസ്തുത നമ്മുടെ ഭക്ഷണ സാക്ഷരതയുടെ (Food literacy) തോതും നിലവാരവും വ്യക്തമാക്കാൻ പോരുന്നവയാണ്. ഭക്ഷണ സാക്ഷരതയില്ലാതെ സാക്ഷരതകൊണ്ടു മാത്രം മനുഷ്യന് അതിജീവനം സാധ്യമല്ല എന്ന സത്യം കോവിഡു കാലം നമ്മെ പഠിപ്പിച്ചു. അതുകൊണ്ട് ഭക്ഷണസാക്ഷരതയുടെ കാര്യത്തിലുള്ള ഒരു സാമൂഹിക മുന്നേറ്റം ഇന്നിന്റെ ആവശ്യമാണ്; ഈ സാമൂഹ്യദ്രോഹ പ്രവണതയെ ഫലപ്രദമായി ചെറുത്തുതോല്പിക്കുന്നതിന് അനിവാര്യവുമാണ്. കോവിഡ് വൈറസിന്റെ ആവിർഭാവവും വ്യാപനവും പരിസ്ഥിതി സംരക്ഷണത്തിന്റെയും ജൈവ വൈവിധ്യ സംരക്ഷണത്തിന്റെയും അതീവ പ്രാധാന്യം നമുക്ക് മനസിലാക്കിതന്നു. മനുഷ്യവാസത്തിനും അവന്റെ അതിജീവനത്തിനും യോജിച്ച ആവാസവ്യവസ്ഥ ഭൂമിയിൽ കെട്ടിപ്പടുക്കുന്നതിന് അത്യന്താപേക്ഷിതമായ പരിസ്ഥിതി-ജൈവ വൈവിധ്യ സംരക്ഷണത്തിലാണ് മനുഷ്യവംശത്തിന്റെ ഭാവി എന്നു പറയുകയായിരിക്കും ശരി.

ഈ കോവിഡ് കാലത്തു നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച്, കേരളത്തിൽ കാർഷിക മേഖലയിൽ വലിയൊരു വളർച്ച ദൃശ്യമായിരുന്നു. ഈ ലോക്ഡൗൺ കാലത്ത് നാം എല്ലാവരും കൃഷിക്കാരായി മാറിയെന്നു പറയാം. എന്നാൽ നാം ഉല്പാദിപ്പിച്ച കാർഷിക വിഭവങ്ങൾക്ക് വേണ്ടത്ര വിപണിയോ വിലയോ ഇല്ലാതെയായി. ഉല്പാദന ചിലവുപോലും കാർഷിക വിഭവങ്ങളുടെ വിപണനത്തിൽനിന്നും പലകർഷകർക്കും ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇത് കോവിഡുകാലത്തുമാത്രം കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നമല്ല, സമീപകാലങ്ങളിൽ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ദുരിത കാഴ്ചയുടെ നേർചിത്രമാണിത്. കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലേക്കും വിപണനത്തിലേക്കും കർഷകർ ശ്രദ്ധചെലുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന സത്യം കോവിഡുകാലവും നമ്മെ പഠിപ്പിച്ചു.

കാർഷികമേഖല ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരവും സങ്കീർണ്ണവുമായ പ്രശ്നങ്ങളെക്കുറിച്ചു പഠനവും ഗവേഷണവും നടത്തി അതിനുവേണ്ട പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഈ മേഖലയിൽ അത്യന്താപേക്ഷിതവും കാലഘട്ടത്തിന്റെ പ്രേഷിത ദൗത്യവുമാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി ഈ ചിന്തകൾ ഞാൻ പങ്കുവയ്ക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ്, കാർഷിക ഭക്ഷണധാർമ്മികതയുടെ മേഖലയിൽ ഒരു പഠനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ താമരശ്ശേരി രൂപത നേതൃത്വം നൽകുന്നത്.


ഭക്ഷണകാർഷിക ധാർമ്മികതയുടെ മേഖലയിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കാൻ രൂപീകൃതമായിട്ടുള്ളതാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട്. ഇപ്രകാരമുള്ള

പഠനത്തിനും ഗവേഷണത്തിനും മാത്രമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഇൻസ്റ്റിറ്റ്യൂട്ടാണിത്. രാജ്യത്തെ എല്ലാ പൗരന്മാർക്കും സുരക്ഷിതവും ശുദ്ധവും പോഷകസമൃദ്ധവുമായ ഭക്ഷണപാനീയങ്ങളുടെ സംലഭ്യത ഉറപ്പാക്കാൻ ശ്രമിച്ചുകൊണ്ട് ഒരു നവമാനവികത സൃഷ്ടിച്ചെടുക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപിത ദർശനം.

മേൽപ്പറഞ്ഞ ദർശനത്തിന്റെ അടിസ്ഥാനത്തിൽ, കർഷകരുടെയുടെയും ഭക്ഷ്യോല്പാദകരുടെയും അവകാശങ്ങൾ ആദരവോടെ ഉറപ്പാക്കുക, അവർക്കു മാന്യവും മനുഷ്യത്വപരവുമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക, ആരോഗ്യകരമായ ഒരു നവലോകത്തിനായി സസ്യങ്ങളെയും മൃഗങ്ങളെയും അവയുടെ വൈവിധ്യങ്ങളെയും സംരക്ഷിക്കുക, ജൈവമണ്ഡലത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥയെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നീ പ്രവർത്തനങ്ങൾ വഴി ഒരു പുതിയ സംസ്കാരവും ഒരു പുതിയ ജീവിതശൈലിയും സമൂഹത്തിൽ രൂപം കൊടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ആഗ്രഹിക്കുന്നു. അതോടൊപ്പം, ഭക്ഷണകാർഷിക ധാർമ്മികതയെന്ന വിജ്ഞാനശാഖയിൽ ശാസ്ത്രീയ പഠനവും ഗവേഷണവും നടത്താൻ വിദ്യാർത്ഥികളെയും ഗവേഷകരെയും സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും ഇൻസ്റ്റിറ്റ്യൂട്ട് പരിശ്രമിക്കുന്നതാണ്.

ബഹു. അബ്രാഹം പുളിഞ്ചുവട്ടിലച്ചൻ ഡയറക്ടറും ബഹു. സൈമൺ കിഴക്കേക്കുന്നേലച്ചൻ അസി. ഡയറക്ടറുമായ ഒരു ഭരണസമിതിയെ ഇതിന്റെ നടത്തിപ്പിനായി നിയോഗിച്ചിട്ടുണ്ട്. 2021 മാർച്ച് 27-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക ഉദ്ഘാടനം താമരശ്ശേരി രൂപതാഭവനിലെ പോപ്പ് ജോൺ പോൾ II ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഈ ഒരു നൂതന സംരംഭത്തെ ദൈവത്തിന്റെ കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു. ഇതിന്റെ വിജയത്തിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,
നിങ്ങളുടെ വത്സലപിതാവ്



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലറിന്റെ ഉള്ളടക്കം ദൈവജനത്തെ അറിയിക്കേണ്ടതാണ്.

# Office Bearers and Board of Directors (IFAE)

## Office Bearers

| | | |
|---|---|---|
| Rt. Rev. Dr. Remigiose Inchananiyil | - | President |
| Very. Rev. Msgr. John Oravumkara | - | Vice President |
| Rev. Dr. Abraham Pulinchuvattil | - | Director |
| Rev. Fr. Simon Thomas Kizhakkekunnel | - | Assistant Director |

## Director Board

| | | |
|---|---|---|
| Rt. Rev. Dr. Remigiose Inchananiyil | - | President |
| Very. Rev. Msgr. John Oravumkara | - | Vice President |
| Very. Rev. Fr. George Mundanattu | - | Member |
| Very. Rev. Fr. Mathew Pulimoottil | - | Member |
| Rev. Dr. Abraham Pulinchuvattil | - | Member |
| Rev. Dr. Abraham Kavilpurayidathil | - | Member |
| Rev. Dr. Siby Kurian Pulickal | - | Member |

ഈ ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ www.ifaeindia. com ൽ ലഭ്യമാണ്.



*St. Joseph, Pray for us*

*സർക്കുലർ 09/2021*

# യേശുനിധി

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രത്യാശയുടെ തിരുനാളായ ഈസ്റ്ററിനുവേണ്ടി പുണ്യപൂർണ്ണമായ നോമ്പുകാലം നാം ആചരിക്കുകയാണല്ലോ. അമ്പതുനോമ്പിന്റെ അവസാന ആഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണ്. അനുതാപവും, പ്രായശ്ചിത്തവും ദാനധർമ്മവും വഴി പുതിയ മനുഷ്യരാകുവാൻ നാം പരിശ്രമിക്കുകയായിരുന്നു. കഴിഞ്ഞ നാളുകളെ കൃതജ്ഞതയോടെ ഓർക്കുവാനും ഹൃദയ പരമാർത്ഥതയോടെ മുമ്പോട്ടു പോകുവാനും നോമ്പുകാലം നമ്മെ സഹായിച്ചിട്ടുണ്ടാകും എന്നു കരുതുന്നു. നോമ്പിലൂടെയും പ്രാർത്ഥന യിലൂടെയും ആർജ്ജിച്ചെടുത്ത നവചൈതന്യം കൂടുതൽ ക്രൈസ്തവോചിതമായി ജീവിക്കുവാൻ നമ്മെ സഹായിക്കട്ടെ.

നോമ്പുകാലത്തിന്റെ അവസാനത്തെ ഞായറാഴ്ച 'യേശുനിധി' യിലേക്കുള്ള സ്തോത്രക്കാഴ്ച നാം സമാഹരിക്കുകയാണ്. കോവിഡിന്റെ ആശ ങ്കകളുടെയും ഭയപ്പാടുകളുടെയും നടുവിൽ നിങ്ങൾ വളരെയധികം കഷ്ടപാടു കളിലൂടെയാണ് കടന്നുപോകുന്നതെന്നറിയാം. എന്നിരുന്നാലും നമ്മേക്കാൾ വേദ നിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടിയാണ് യേശുനിധി നാം ഉപയോഗി ക്കുന്നത്. ഇക്കാലയളവിൽ ജോലി നഷ്ടപ്പെട്ടവരും സാമ്പത്തികമായി വളരെ യേറെ ബുദ്ധിമുട്ടുന്നവരുമായ അനേകർക്ക് സഹായകമാകുവാൻ നമ്മുടെ സ്നേഹ സമർപ്പണത്തിന് സാധിക്കും. ദൈവം നമുക്ക് നല്കിയ അനുഗ്രഹങ്ങ ളുടെ ഒരംശം പാവപ്പെട്ടവരെ സഹായിക്കുന്നതിനായി മാറ്റി വയ്ക്കുന്നതാണല്ലോ യേശുനിധി. കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം നമുക്ക് യേശുനിധി സമാഹരിക്കുവാനായില്ല എങ്കിലും, ആ നാളുകളിൽ ദുരിതമനുഭവിച്ചവരെ ഓരോ ഇടവകകളിലൂടെയും സഹായിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വലിയ ഞെരുക്കത്തിന്റെ ഈ നാളുകളിലും യേശുനിധി സമാഹരണം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കാരണം നമ്മുടെ ഒരു ദിവസത്തെ വരുമാനം പാവങ്ങളോടുള്ള ആത്മാർത്ഥമായ നമ്മുടെ പക്ഷം ചേരലാണല്ലോ. ഈ വലിയ സംരംഭത്തിലൂടെ സൗഖ്യവും സന്തോഷവും സമാധാനവും ലഭിക്കുന്നവരുടെ പ്രാർത്ഥനകൾ നമ്മുടെ ജീവിതത്തിന് അനുഗ്രഹമാകും എന്നതിൽ സംശയമില്ല.


ദരിദ്രരോടും, അവഗണിക്കപ്പെടുന്നവരോടും നാം കരുണ കാണിക്കുമ്പോൾ നാം അനുഗ്രഹീതരാകും എന്ന് സങ്കീർത്തന വചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "ദരിദ്രരോട് ദയകാണിക്കുന്നവൻ ഭാഗ്യവാൻ; കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷി ക്കുകയും ചെയ്യും. അവൻ ഭൂമിയിൽ അനുഗ്രഹീതനായിരിക്കും; അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല; അവിടുന്ന് അവന് രോഗശാന്തി നല്കും"

(സങ്കീ. 41/1-3). ദൈവം ചൊരിയുന്ന ഈ അനുഗ്രഹങ്ങൾ പ്രാപിക്കാൻ നാമെന്തു ചെയ്യണമെന്ന് തോബിത്തിന്റെ പുസ്തകത്തിലൂടെ കർത്താവ് പറയുന്നുണ്ട്: "നീതി നിഷ്ഠയോടെ ജീവിക്കുന്നവർക്ക് നിന്റെ സമ്പാദ്യത്തിൽ നിന്ന് ദാനം ചെയ്യുക. ദാന ധർമ്മം ചെയ്യുന്നതിൽ നീ മടിക്കരുത്. സമ്പത്തേറുമ്പോൾ അതനു സരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴി ചെയ്യുന്നത്. പാവപ്പെട്ടവനിൽ നിന്ന് നീ മുഖം തിരിച്ചു കളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്ന് മുഖം തിരിക്കുകയില്ല (തോബിത്ത് 4/79).

തളർന്നവർക്ക് താങ്ങും തണലുമാകുവാൻ നമ്മുടെ രൂപതയിൽ ആരംഭിച്ച യേശുനിധി 25-ാം വർഷത്തിലേക്ക് കടക്കുകയാണ്. ഈ സംരംഭം വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുന്നത് ദൈവജനം നല്കുന്ന വലിയ പങ്കുവയ്ക്കലിലൂടെയാണ്. ബഹു. വികാരിയച്ചന്മാ രുടെയും സന്യസ്തരുടെയും അകമഴിഞ്ഞ സഹായവും രൂപതയുടെ അകത്തും പുറത്തുമായി കഴിയുന്ന രൂപതാംഗങ്ങളുടെ സന്മനസ്സും യേശുനിധിയെന്ന കാരുണ്യത്തിന്റെ കരുതലിനെ ഏറ്റവും മനോഹര മായി മുന്നോട്ടു കൊണ്ടുപോകുവാൻ സഹായിക്കുന്നുണ്ട്. ഓരോ വർഷവും യേശുനിധിയിലൂടെ നമ്മൾ കൊടുക്കുന്ന സഹായങ്ങൾ കൂടിക്കൂടിവരുന്നു. അതോടൊപ്പം യേശുനിധിയിലേക്കും സംഭാവനകൾ വർദ്ധിച്ചുവരുന്നുണ്ട്. 2019-20 വർഷത്തിൽ 61,36,393 രൂപ നമ്മൾ സമാഹരിക്കുകയും മുൻവർഷത്തെ ബാക്കി തുകയടക്കം 525 പേർക്കായി 64,43,000/- രൂപ വിതരണം ചെയ്യുകയും ചെയ്തു. എന്റെ ഈ എളിയ സഹോദരന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് എന്ന യേശുനാഥന്റെ വചനത്തെ ധ്യാനിച്ചുകൊണ്ട് ഈ വർഷത്തെ യേശുനിധിയിൽ നമുക്ക് പങ്കുചേരാം.

യേശുനിധിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി അക്ഷീണം പരിശ്രമിക്കുന്ന കമ്മിറ്റിയെയും സഹായധനസമാഹരണത്തിൽ മുഖ്യ പങ്കാളിത്തം വഹിക്കുന്ന ബഹു. വൈദികരെയും എല്ലാ പ്രോത്സാഹനങ്ങളും നല്കുന്ന സന്യസ്തരെയും ഉദാരതയോടെ ഇതിൽ പങ്കുചേരുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും ദൈ വാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു. ഏവർക്കും ഓശാന തിരുനാളിന്റെയും ഉയിർപ്പു തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,



✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2021 മാർച്ച് 21-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവക ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും വേണം.

# ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

1. യേശുനിധിയ്ക്കുള്ള അഭ്യർത്ഥനയും കവറുകളും എല്ലാ ഫൊറോന കേന്ദ്രങ്ങളിലും മാർച്ച് ആദ്യവാരത്തിൽ എത്തിക്കുന്നതാണ്. ഇനിയും ലഭിച്ചിട്ടില്ലാത്ത പള്ളികൾ അവ ഫൊറോന കേന്ദ്രങ്ങളിൽ നിന്ന് വാങ്ങിക്കൊണ്ട് പോകേണ്ടതാണ്.
2. യേശുനിധിയിലേക്ക് സന്യസ്തർ നല്കുന്ന സംഭാവന രൂപതാ ഭവനിൽ നേരിട്ട് നല്കുന്നതുകൊണ്ട് അവർക്ക് കവർ നല്കേണ്ടതില്ല.
3. സംഭാവനയോടൊപ്പം കുടുംബനാഥൻ പൂരിപ്പിച്ച് തരുന്ന രസീത് പള്ളിയിൽ സൂക്ഷിക്കുകയും സംഭാവന തുകയും തന്നവരുടെ ലിസ്റ്റിന്റെ ഒരു കോപ്പിയും ഏപ്രിൽ 15-ന് മുമ്പ് രൂപതാകേന്ദ്ര ത്തിൽ എത്തിക്കുകയും ഒരു കോപ്പി പള്ളിയുടെ നോട്ടീസ് ബോർഡിൽ ഇടുകയും ചെയ്യേണ്ടതാണ്.
4. ബഹു. വികാരിയച്ചന്മാരുടെ സഹകരണമാണ് യേശുനിധിയുടെ വിജയം. ഇടവകയിലെ എല്ലാ കുടുംബങ്ങളേയും ഈ നല്ല കാര്യത്തിൽ സഹകരിപ്പിക്കണം. ബഹു. വികാരിയച്ചന്മാരുടെ ആത്മാർത്ഥമായ സഹകരണത്തിന് പ്രത്യേകം നന്ദി പറയുന്നു.

**മോൺ. ജോൺ ഒറവുങ്കര**
ചെയർമാൻ, യേശുനിധി കമ്മിറ്റി



*St. Joseph, Pray for us*

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2021-ലെ നോമ്പുകാലസന്ദേശം

*"ഇതാ ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു" (മത്താ 20:18)*

## നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ "ജീവജല"ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും (cf. മത്താ 6:1-18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്ക്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീ സഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനംചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾതോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തുതന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്നരൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. Fratelli Tutti, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികൃത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനുമായാണ്.

2. പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച യേശു അവൾക്ക് "ജീവജലം" (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ അതിന്റെ അർത്ഥ മെന്തെന്ന് അവൾക്ക് മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹ ജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണ ത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് "മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും" (മത്താ 20:19) ഇതുവഴി യേശു പറഞ്ഞു വച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോ ടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെ റ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ, സ്നേഹത്തെ ക്രൂശിലേ റ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബ ലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്ന തുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശ യുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എ പ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് ന മ്മൾ പ്രത്യാശയർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, "ദൈവത്തോ ട് അനുരഞ്ജനപ്പെടുവിൻ" (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാ നമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേ ശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടു കൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപ ക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹ ജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാ ധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദ്വേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (Fratelli Tutti, 223). ചിലപ്പോൾ ദയാവായ് പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്ര ത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമാ യ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായി ക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid., 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ "എല്ലാറ്റിനെയും നവീകരിക്കുന്ന" (cf. വെളി 21:1-6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

"സാമൂഹിക സ്നേഹം" നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്ക്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരുക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനുശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (Fratelli Tutti, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സ്വാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും ശ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിൻ കലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7-16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:3044). സന്തോഷത്തോടെയും

ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും, ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അതുവഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്ക്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാ വിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവെയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൽ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം  ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

റോമിൽനിന്ന്, 11 നവംബർ 2020
ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം
ഫ്രാൻസിസ് പാപ്പ

**സർക്കുലർ 03/2021**

# ജെ.ബി. കോശി കമ്മീഷൻ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 2020 നവംബർ 5-ാം തീയതി കേരള സർക്കാർ ജസ്റ്റിസ് ജെ. ബി. കോശി അദ്ധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കേരളത്തിലെ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കണമെന്ന് അഭിവന്ദ്യ പിതാക്കന്മാരും വിവിധ ക്രൈസ്തവ സംഘടനാനേതാക്കളും സർക്കാരിനോട് വളരെക്കാലമായി ആവശ്യപ്പെട്ടതിന്റെ ഫലമായാണ് സർക്കാർ ഇപ്പോൾ ഇങ്ങനെ ഒരു കമ്മീഷനെ നിയോഗിച്ചിരിക്കുന്നത്.

2005 മാർച്ചിൽ മൻമോഹൻസിംഗ് സർക്കാർ, ഇന്ത്യയിലെ മുസ്ലീം പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുവാൻ ജസ്റ്റിസ് സച്ചാർ കമ്മറ്റിയെ നിയോഗിച്ചിരുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പിലാക്കാം എന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 2007 ൽ കേന്ദ്രസർക്കാർ പാലൊളി മുഹമ്മദ്കുട്ടി കമ്മിറ്റിയെ നിയോഗിച്ചു. 2008 ൽ അവർ നല്കിയ റിപ്പോർട്ടിൽ മുസ്ലീം ക്ഷേമത്തിനായി അനേകം ശുപാർശകൾ ഉണ്ടായിരുന്നു. അതിന്റെ ഫലമായാണ് ഇന്ന് ഏറെ ചർച്ചയായിരിക്കുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ വിതരണത്തിലെ 80:20 അനുപാതം ആരംഭിക്കുന്നത്. മാത്രമല്ല അവരുടെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവും മതപരവുമായ വളർച്ചയ്ക്കുതകുന്ന നിരവധി ക്ഷേമ പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

കേരളത്തിലെ ക്രൈസ്തവ സമൂഹം ഇന്ന് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. ജനസംഖ്യാപരമായി തളർന്നുകൊണ്ടി രിക്കുന്ന സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരുന്ന നമ്മുടെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. സിവിൽ സർവ്വീസ് പോലുള്ള മത്സരപ്പരീക്ഷകളിലും സർക്കാർ ജോലികളിലും നമ്മുടെ പ്രാതിനിധ്യം കുറഞ്ഞു. കാർഷിക മേഖലയുടെ തകർച്ച ഭൂമിയുടെ മൂല്യം ഗണ്യമായി കുറച്ചു. കണക്കനുസരിച്ച് ആളോഹരിക്കടം എറ്റവും കൂടുതലുള്ള സമൂഹം നമ്മുടെതാണ്. മലയോര-തീര പ്രദേശങ്ങളിലെ പ്രതിസന്ധികൾ, വന്യജീവികളുടെ ആക്രമണം എന്നിവ ഏറെ കൂടുതലുള്ളത് ക്രൈസ്തവ ജനസംഖ്യ കൂടുതലുള്ള ജില്ലകളിലാണ് എന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. ഈ അവസ്ഥയിൽ നിന്ന് ഒരു മാറ്റം നമുക്ക് ആവശ്യമാണ്.

ഇന്ത്യയിലെ മുസ്ലീംങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ സച്ചാർ കമ്മറ്റിയെ വെച്ചതിന് സമാനമാണ് കേരളത്തിലെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കാൻ ജസ്റ്റിസ് കോശി കമ്മീഷന്റെ നിയമനം. ഈ കമ്മീഷനുമുമ്പിൽ നമ്മുടെ സമൂഹത്തിന്റെ യഥാർത്ഥമായ അവസ്ഥ വസ്തുതകളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ അവതരിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമുക്കായി ഗവൺമെന്റുകൾ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയുള്ളു. അതിനായി നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ആവശ്യമാണ്.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ഫെബ്രുവരി മാസത്തിന്റെ അവസാനത്തോടെ സിറ്റിംഗിനായി നമ്മുടെ ജില്ലകളിൽ എത്തിയേക്കും. കമ്മീഷന്റെ മുമ്പിൽ നമ്മുടെ സാമൂഹിക, സാമ്പത്തിക അവസ്ഥയും കാർഷിക മേഖലയിൽ നാം നേരിടുന്ന പ്രശ്നങ്ങളും കൃതമായും ശാസ്ത്രീയമായും പഠിച്ച് വ്യക്തമായ സ്ഥിതിവിവരക്കണക്ക് സമർപ്പിക്കേണ്ടതാ യിട്ടുണ്ട്. കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളിലും രൂപതകളിലും നടക്കുന്ന സർവ്വേയുടെ ഭാഗമായി നമ്മുടെ രൂപതയിലും എത്രയും നേരത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് തയ്യാറാക്കേണ്ടത് അനിവാര്യമാണ്.

കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച്, പ്രത്യേകമായി തയ്യാറാക്കിയ വെബ് ആപ്ലിക്കേഷൻ വഴി നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സെൻസസ് സർവ്വേയാണ് നാം നടത്താൻ ഉദ്ദേശിക്കുന്നത്. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റടിസ്ഥാനത്തി ലാണ് ഓരോ ഇടവകയിലും ഈ സെൻസസ് നടത്തുക. വെബ് ആപ്ലിക്കേഷൻ കൈകാര്യം ചെയ്യാൻ കഴിവുള്ളവരായ വ്യക്തികളെ കണ്ടെത്തി അവർക്ക് പരിശീലനം നല്കിയാണ് ഈ സർവ്വേയ്ക്ക് നമ്മൾ ഒരുങ്ങുന്നത്. സർവ്വേയ്ക്കുള്ള ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരങ്ങൾ നല്കി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ നിർദ്ദേശങ്ങൾ വികാരിയച്ചന്മാർ മുഖാന്തിരം നിങ്ങളെ അതാത് സമയങ്ങളിൽ അറിയി ക്കുന്നതാണ്.

നമ്മുടെ രൂപതയിൽ രണ്ട് ഘട്ടങ്ങളായിട്ടാണ് ഈ സർവ്വേ നടത്തുന്നത്. ആദ്യഘട്ടത്തിൽ നമ്മുടെ രൂപതയിലെ ഏതാനും ഇടവകകളിലെ ഏതാനും ചില യൂണിറ്റുകൾ കേന്ദ്രമാക്കി ഒരു സാമ്പിൾ സർവ്വേ നടത്തും. ഫെബ്രുവരി 25 ന് മുമ്പ് ആ സർവ്വേ അവസാനിക്കും. അതിനാവശ്യമായ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു. കുടുംബ യൂണിറ്റ് ഭാരവാഹികളുടെ കൂടെ സർവ്വേ നടത്തുന്ന വിദഗ്ദർ തിരഞ്ഞെടു ക്കപ്പെട്ട ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കു ന്നതാണ്.

നല്കേണ്ട വിവരങ്ങൾ അടങ്ങുന്ന ചോദ്യാവലി നേരത്തെതന്നെ നിങ്ങളുടെ വീടുകളിൽ എത്തിക്കുന്നതാണ്. അവ വായിച്ച് കൃത്യമായി മനസ്സിലാക്കുകയും ആവശ്യമായ രേഖകൾ തയ്യാറാക്കി വയ്ക്കുകയും ചെയ്യുക. നിങ്ങൾ നല്കുന്ന

വിവരങ്ങൾ 100% സത്യസന്ധമായിരിക്കേണ്ടത് സർവ്വേയുടെ വിജയത്തിന് അനിവാര്യ മാണ്.

രണ്ടാം ഘട്ട സർവ്വേ തലശ്ശേരി. താമരശ്ശേരി, മാനന്തവാടി രൂപതകൾ സംയുക്തമായാണ് നടത്തുന്നത്. കുടിയേറ്റ മേഖലയിൽ നമ്മുടെ സമൂഹം നേരിടുന്ന പ്രതിസന്ധിൾ കൃത്യമായി മനസ്സിലാക്കുവാനും രൂപതാതലത്തിലും ഗവൺമെന്റ് തലത്തിലും നമുക്ക് ക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കാനും സഹായകരമായ രീതിയിലാണ് ഈ സർവ്വേ നടത്തപ്പെടുക. മാർച്ച് മാസത്തോടെ നമ്മുടെ രൂപതയിൽ ഈ സർവ്വേ പൂർത്തീകരി ക്കേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്. സമയബന്ധിതമായ ഒരു സംരംഭം ആയതുകൊണ്ട് ഓരോ ഇടവകയ്ക്കും നിശ്ചയിച്ച് തരുന്ന തീയതികളിൽത്തന്നെ സർവ്വേ പൂർത്തിയാക്കാൻ വേണ്ട ക്രമീകരണങ്ങൾ എല്ലാ വികാരിയച്ചന്മാരും അടിയന്തരമായി ചെയ്യുമല്ലോ.

രണ്ട് സർവ്വേകളുമായി ബന്ധപ്പെട്ട് നമ്മുടെ രൂപതയിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി ഫൊറോനകളിലും ഇടവകകളിലും നടപ്പിലാക്കേണ്ടതാണ്. താമരശ്ശേരി രൂപതാ ചാൻസലർ ഫാ. ജോർജ്ജ് മുണ്ടനാട്ട് ജനറൽ കൺവീനറും, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. മാത്യു തൂമുള്ളിൽ എന്നിവർ കൺവീനർമാരുമായിട്ടുള്ള ഈ കമ്മറ്റിയിൽ ശാസ്ത്രീയ സർവ്വേ നടത്തുന്നതിൽ വിദഗ്ദരായിട്ടുള്ളവർ അംഗങ്ങളാണ്. സർവ്വേ കഴിഞ്ഞ് ഉടൻതന്നെ സർവ്വേയുടെ ഫലങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ട തുള്ളതുകൊണ്ട് സമയക്രമം പാലിച്ച് സർവ്വേ പൂർത്തിയാക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാന ത്തിലായിരിക്കും ഭാവിയിൽ നമ്മുടെ സമുദായത്തിനുള്ള ക്ഷേമപദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കുന്നത്. ശാസ്ത്രീയ പഠനം നടത്തി കൃത്യമായ സ്ഥിതിവിവര ക്കണക്കളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് പറയുന്നതെന്ന് കമ്മീഷനെ ബോദ്ധ്യപ്പെടുത്താൻ ഈ സർവ്വേ ആവശ്യമാണ്. അതുകൊണ്ട് ഈ സർവ്വേ നടത്തുന്നതിൽ ബഹു. അച്ചന്മാരും ഇടവക ജനങ്ങളും വേണ്ടത്ര ഉത്സാഹവും ജാഗ്രതയും കാണിക്കണം. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്, പ്രാർത്ഥന യോടെ,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*സർക്കുലർ 04/2021*

# കമ്മ്യൂണിറ്റി സർവ്വേ - നിർദേശങ്ങൾ

മിശിഹായിൽ പ്രിയ വൈദികരെ,

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് ജെ. ബി. കോശി ചെയർമാനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ്, ശ്രീ ജേക്കബ് പുന്നൂസ് ഐ.പി.എസ് എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ നിയമിച്ചിരിക്കുകയാണല്ലോ. ഇത് സംബന്ധിച്ച് രൂപതയിൽ നിന്നും ബഹു. ജനറാളച്ചനും മറ്റ് വൈദികരും ഫൊറോനകേന്ദ്രങ്ങളിൽ വന്ന് സംസാരിച്ചിരുന്നല്ലോ. ക്രൈസ്തവരുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മൂന്ന് മേഖലകളാണ് കമ്മീഷൻ പരിഗണനയ്ക്ക് വിഷയമാക്കുന്നത്. കമ്മീഷൻ പരിഗണിക്കുന്ന വിഷയങ്ങളെ ചുരുക്കത്തിൽ വിശദീകരിക്കാം.

## 1. വിദ്യാഭ്യാസം

1. ന്യൂനപക്ഷം എന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ എന്തൊക്കെ?
2. മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏതൊക്കെ രീതിയിൽ അത് എങ്ങനെ പരിഹരിക്കാം?
3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഉന്നതവിദ്യാഭ്യാസമേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ? അവ എങ്ങനെ പരിഹരിക്കാം?

## 2. സാമ്പത്തികം

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ? അവർ ഏതൊക്കെ വിഭാഗത്തിൽ പെടുന്നവരാണ്? അവർ സാമൂഹിക പിന്നാക്കാവസ്ഥ നേരിടുന്നുണ്ടോ? അവരുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ?
2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?
3. സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാനായി വിവിധ

ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും? അടിയന്തരമായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

### 3. ക്ഷേമം

1. ക്രിസ്തുമതത്തിൽ പെട്ട മത്സ്യതൊഴിലാളികൾ, തീരദേശവാസികൾ, മലയോരകർഷകർ, വനാതിർത്തിക്ക് അടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാ സികൾ ദളിതർ ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർ ത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?
2. ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികളായവരുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?
3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ ഉദ്യോഗ ങ്ങളിൽ ജനസംഖ്യാനു പാതികമായി പ്രാതിനിധ്യം ഉണ്ടോ? ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം? ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ് ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാറിൽനിന്ന് ക്ഷേമ സംബന്ധമായ സഹാ യം അർഹിക്കുന്നു?

മേൽപ്പറഞ്ഞ വിഷയങ്ങളിൽ എല്ലാ വിഭാഗങ്ങളുമായി ചർച്ച നടത്തി എല്ലാ ജില്ലകളും, കൂടുതൽ വിഷമങ്ങൾ അനുഭവിക്കുന്ന ക്രിസ്ത്യാനികൾ അധിവസിക്കുന്ന മേഖലകളും സന്ദർശിച്ചു വിവിധ മാർഗങ്ങളിലൂടെ പഠനം നടത്തി (ഒരു വർഷത്തിന്) കമ്മീഷൻ സർക്കാരിന് വിശദമായ റിപ്പോർട്ടും നിർദ്ദേശങ്ങളും സമർപ്പിക്കേണ്ടതാണ് എന്നതാണ് ഗവൺമെന്റ് കമ്മീഷന് നൽകിയിരിക്കുന്ന നിർദ്ദേശം.

നമ്മെ സംബന്ധിച്ചിടത്തോളം കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ന്യൂനപക്ഷത്തിൽ ന്യൂനപക്ഷമായാണ് ക്രൈസ്തവർ ജീവിക്കുന്നത്. അതത് ജില്ലകളിൽ കമ്മീഷൻ സിറ്റിങ്ങിനായി വരുമ്പോൾ ശാസ്ത്രീയ പഠനങ്ങളുടെ പിൻബലത്തോടെ വിവിധ മേഖലകളിലുള്ള നമ്മുടെ പിന്നോക്കാവസ്ഥ കമ്മീഷനെ ബോധ്യപ്പെടുത്തിയെങ്കിൽ മാത്രമേ നമ്മുടെ ന്യായമായ ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്ക് വിഷയം ആവുകയുള്ളൂ. അതിനുള്ള അശ്രാന്തപരിശ്രമം ആണ് ഇനി നമ്മൾ നടത്തേണ്ടത്. ഒരു കമ്മ്യൂണിറ്റി സർവ്വേയുടെ സഹായത്തോടെ മാത്രമേ ഈ വിഷയങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാൻ സാധിക്കൂ.

### സർവ്വേയിലൂടെ വെളിപ്പെടുത്തപ്പെടേണ്ട വാസ്തവങ്ങൾ

കേരള ക്രൈസ്തവ സമൂഹം നേരിടുന്ന പിന്നാക്കാവസ്ഥയുടെ ഒരു നീണ്ട നിര തന്നെയുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില വിഷയങ്ങൾ കൃത്യമായി പഠിച്ച് കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

1. **സ്ഥാപനങ്ങൾ:** കത്തോലിക്കാ ക്രൈസ്തവ വിദ്യാഭ്യാസ/മറ്റ് സ്ഥാപന ങ്ങളിൽ ജോലി നേടിയിട്ടുള്ള സ്വസമുദായ അംഗങ്ങളുടെ എണ്ണം ശതമാന കണക്കിലും ആനുപാതികമായും വളരെ കുറവാണ് എന്ന വസ്തുത മനസ്സിലാക്കുക.
2. **ഭൂസ്വത്ത്:** നഗര പ്രദേശങ്ങളിലെ ഭൂമിയുടെ മൂല്യവും ഗ്രാമപ്രദേ ശങ്ങളിലെ ഭൂമിവിലയും താരതമ്യം ചെയ്യാൻ കഴിയാത്തതായതി നാൽ ഭൂമിയുടെ വിപണി മൂല്യവും, അതിൽനിന്നുള്ള വരുമാനവും പരിഗണിച്ചുകൊണ്ടുള്ള സ്ഥിതിവിവരക്കണക്കുകൾ തയാറാക്കുക.
3. **ഉപജീവന മാർഗ്ഗം:** കൃഷി, കാർഷികാനുബന്ധ മേഖലകളിലുള്ള മറ്റ് തൊഴിലുകൾ, മൽസ്യബന്ധനം തുടങ്ങിയവ സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ചുള്ള വിശദമായ പഠനം.
4. **ബിസിനസ് രംഗം:** വിവിധ ബിസിനസ്, വ്യവസായ, നിർമ്മാണ രംഗങ്ങളിൽ കഴിഞ്ഞ ചില പതിറ്റാണ്ടുകൾക്കിടയിൽ ക്രൈസ്തവർക്ക് സംഭവിച്ചിട്ടുള്ളത് എന്താണെന്ന് മനസിലാക്കി റിപ്പോർട്ട് സമർ പ്പിക്കുക..
5. **കടബാധ്യത:** വിവിധ കാരണങ്ങൾക്കൊണ്ട് സാമ്പത്തികമായ പിന്നാ ക്കാവസ്ഥ നേരിടുകയും കടബാധ്യതയിൽ അകപ്പെടുകയും ചെയ്തി രിക്കുന്ന ക്രൈസ്തവ കുടുംബങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ വിശദമായി ശേഖരിക്കുക..
6. **ഉദ്യോഗരംഗം:** അഭ്യസ്തവിദ്യരിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ രൂക്ഷമായിരിക്കുന്നത് ക്രൈസ്തവ സമൂഹത്തിലാണ്. കഴിവുകൾക്ക് യോജ്യമായ വിദ്യാഭ്യാസം നേടാൻ സാമ്പത്തികമായി കഴിയാത്തവർ ഏറെയുണ്ട്. ചെറിയ ശമ്പളത്തിൽ വിദേശരാജ്യങ്ങളിൽ ജോലിചെയ്യു ന്നവർ, കേരളത്തിന് പുറത്ത് മറ്റുള്ള പട്ടണങ്ങളിൽ ജോലിസംബ ന്ധമായ പ്രതിസന്ധികൾ നേരിടുന്നവർ, കേരളത്തിൽത്തന്നെ തൊഴിൽരഹിതരായി കഴിയുന്നവർ തുടങ്ങിയവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കുകയും, തൊഴിൽ മേഖലയിൽ ഇന്ന് ക്രൈസ്തവ സമൂഹം നേരിടുന്ന പ്രതിസന്ധികളുടെ വ്യക്തമായ ചിത്രം മനസ്സിലാക്കുകയും ചെയ്യുക. ഉയർന്ന കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നവരുടെയും, മികച്ച തസ്തികകളിൽ നിയമിതരാകുന്നവരുടെയും എണ്ണം കുറയുന്നതും എൻട്രൻസ് പരീക്ഷകളിൽ പിന്നാക്കം പോകുന്നതും പ്രത്യേകം പഠനവിഷയ മാക്കുക. സിവിൽ സർവീസ് പോലുള്ള ഉന്നത ഉദ്യോഗ മേഖലകൾ തെരഞ്ഞെടുക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ പ്രത്യേകമായി ശേഖരിക്കുക.
7. **പ്രത്യേക പിന്നാക്ക വിഭാഗങ്ങൾ:** കേരളത്തിൽ ഏറ്റവും രൂക്ഷമായ പിന്നാക്കാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന ദളിത് ക്രൈസ്തവർ, നാടാർ, ആംഗ്ലോ ഇന്ത്യൻ, മറ്റ് പിന്നാക്ക സമുദായക്കാർ തുടങ്ങിയ വരുടെ ഇപ്പോഴത്തെ സാഹചര്യങ്ങൾ സൂക്ഷമമായി പഠിക്കുക.
8. **ആരോഗ്യം:** ക്രൈസ്തവ സമൂഹത്തിനിടയിൽ വർദ്ധിച്ചുവരുന്ന രോഗാവസ്ഥകൾ,

മനസികാരോഗ്യസംബന്ധമായ അപര്യാപ്തതകൾ, അഡിക്ഷനുകൾ തുടങ്ങിയവ പഠന വിഷയമാകേണ്ടതുണ്ട്; സാമ്പ ത്തികമായ അരക്ഷിതത്വം, തൊഴിലില്ലായ്മ തുടങ്ങിയവ യുവതല മുറയെ അനാരോഗ്യകരമായ പ്രവണതകളിലേയ്ക്കും ദുശീലങ്ങളിലേ യ്ക്കും നയിക്കുന്നുണ്ട്. ആത്മഹത്യകൾ വർദ്ധിക്കുന്നു. രോഗ ചികിത്സകളുമായി ബന്ധപ്പെട്ട് വർദ്ധിക്കുന്ന സാമ്പത്തിക, കട ബാധ്യതകൾ ഒട്ടേറെ കുടുംബങ്ങളെ പ്രതിസന്ധികളിലേയ്ക്ക് നയിക്കുന്നുണ്ട്. വിവിധ കാരണങ്ങളാൽ വിവാഹം വൈകുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതും മാനസിക, കുടുംബ പ്രശ്നങ്ങൾക്ക് കാരണമായി മാറുന്നുണ്ട്.

9. **ഭവന രഹിതർ:** ഭവനരഹിതരായ ക്രൈസ്തവരെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തതയോടെ ശേഖരിക്കുക. അപര്യാപ്തവും സുരക്ഷിതമല്ലാ ത്തതുമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, ചേരിപ്രദേശങ്ങൾ പോലെ അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, വീടുവയ്ക്കാൻ സ്ഥലം പോലുമില്ലാത്തവർ തുടങ്ങിയ വിവിധ വശങ്ങൾ പഠനവിധേയമാക്കണം.

10. **വിധവകൾ:** വിധവകളായവരെക്കുറിച്ച് പ്രത്യേകമായ പഠനം ആവശ്യമാണ്. അവരുടെ ജീവിത സാഹചര്യങ്ങൾ, ഉപജീവന മാർഗ്ഗങ്ങൾ, മക്കളുടെ വിവരങ്ങൾ, സുരക്ഷിതത്വം തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കപ്പെടണം.

11. **കുടിയേറ്റം:** വിദേശരാജ്യങ്ങളിലേക്ക് നടക്കുന്ന കുടിയേറ്റത്തിന്റെ പൂർണ്ണമായ ചിത്രം ലഭ്യമാകണം.

12. **കാർഷികമേഖല:** മലബാറിലെ ക്രൈസ്തവർ പരമ്പരാഗതമായി കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാണ്. കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രതിസന്ധികൾ ക്രൈസ്തവരുടെ സാമ്പത്തിക മേഖലയെ പാടെ തകർത്ത് കളഞ്ഞിട്ടുണ്ട്. കൃഷി ഭൂമിക്കു വന്നിരി ക്കുന്ന മൂല്യ തകർച്ച, കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാത്ത അവസ്ഥ, വന്യമൃഗശല്യം, വനത്തോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമി ബഫർ സോണിൽ പെടുത്തിക്കൊണ്ടുള്ള നിയമ നിർമ്മാണങ്ങൾ തുടങ്ങിയവ അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

ഇവ കൂടാതെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ നമ്മൾ നേരിട്ടുകൊണ്ടി രിക്കുന്ന കടുത്ത വിവേചനം, EWS സംവരണം കൃത്യമായി നടപ്പിലാ ക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വീഴ്ചകൾ തുടങ്ങിയ വിഷയങ്ങളും കമ്മീഷന്റെ ശ്രദ്ധയിൽ എത്തിക്കേണ്ടതുണ്ട്.

## സർവ്വേയിലൂടെ നമ്മൾ പ്രതീക്ഷിക്കുന്ന പ്രയോജനങ്ങൾ

2005 മാർച്ചിൽ മൻമോഹൻസിംഗ് സർക്കാർ, ഇന്ത്യയിലെ മുസ്ലിം പിന്നോക്കാവസ്ഥയെക്കുറിച്ചു പഠിക്കാൻ ജസ്റ്റിസ് സച്ചാർ കമ്മറ്റിയെ നിയോഗിച്ചിരുന്നു. സച്ചാർ കമ്മറ്റി റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പാക്കാം എന്ന് പഠിച്ചു റിപ്പോർട്ട്

സമർപ്പിക്കാൻ 2007 ൽ കേന്ദ്ര സർക്കാർ പാലൊളി മുഹമ്മദ് കുട്ടി കമ്മറ്റിയെ നിയോഗിച്ചു. 2008ൽ അവർ നൽകിയ റിപ്പോർട്ടിൽ മുസ്ലിം ക്ഷേമത്തിനായി അനേകം ശിപാർശകൾ ഉണ്ടായിരുന്നു. അതിന്റെ ഫലമായാണ് ന്യൂനപക്ഷ ക്ഷേമപദ്ധതികളിലെ വിതരണ ത്തിലെ 80:20 അനുപാതവും അവരുടെ സാമൂഹികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവും, മതപരവുമായ വളർച്ചക്കുതകുന്ന നിരവധി ക്ഷേമ പദ്ധതികളും സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത്. അത്തരത്തിലുള്ള ഒരു സാഹചര്യമാണ് ഇന്ന് ക്രൈസ്തവർക്ക് വേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈ സർവ്വേയെ വളരെ പ്രധാനപ്പെട്ട ഒന്നായി നാം കാണേണ്ടത്. ക്രൈസ്തവർ ഇന്ന് നേരിടുന്ന പ്രതിസന്ധികൾ കൃത്യതയോടെ കമ്മീഷന് ബോധ്യപ്പെടുകയും, അതനുസരിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിന് സമർപ്പിക്കപ്പെടുകയും ചെയ്താൽ മാത്രമേ ഇന്ന് നാം അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരമായി നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുകയുള്ളൂ.

## കമ്മ്യൂണിറ്റി സർവ്വേ

നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഉൾക്കൊള്ളി ച്ചുകൊണ്ടുള്ള ഒരു സർവ്വേയാണ് നമ്മൾ നടത്തുന്ന കമ്മ്യൂണിറ്റി സർവ്വേ. പൊതു അവധി ദിവസങ്ങളായ 2021 മാർച്ച് 11, 13, 14 (വ്യാഴം, ശനി, ഞായർ) തിയതികളിലാണ് സർവ്വേ നടത്തുന്നത്. വെബ് ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഈ സർവ്വേ നടത്തുന്നത്. ഓരോ ഇടവകയിലെയും കുടുംബ യൂണിറ്റുകളുടെ കീഴിൽ വരുന്ന കുടുംബങ്ങളിൽ സർവ്വേ നടത്താൻ നിയോഗിക്കപ്പെടുന്ന വ്യക്തി നേരിട്ട് വരികയും കുടുംബാംഗ ങ്ങളിൽനിന്നു വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. സർവ്വേക്ക് ഒരു വീട്ടിൽ ഏകദേശം 45 മിനിട്ടു സമയ ദൈർഘ്യം എടുക്കും. അതുകൊണ്ടു ഈ മൂന്നു ദിവസങ്ങളിലായി സർവ്വേ തീർക്കത്തക്ക രീതിയിൽ ക്രമീകരണങ്ങൾ ഇടവകയിൽ നടത്തേണ്ടതുണ്ട്.

## ഇടവകകളിൽ ചെയ്യേണ്ട കാര്യങ്ങൾ

കുടുംബ യൂണിറ്റ് പ്രതിനിധികൾ ഓരോ യൂണിറ്റിലെയും കുടുംബനാഥന്മാരുടെ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ ശേഖരിച്ച് വികാരിയച്ചന്മാരെ ഏൽപ്പിക്കുക.

ഓരോ യൂണിറ്റിൽനിന്നും സ്മാർട്ട് ഫോൺ നന്നായി കൈകാര്യം ചെയ്യാൻ അറിയാവുന്ന രണ്ടു പേരെ (15 കുടുംബങ്ങൾക്ക് 2 പേര് വീതം) സർവ്വേ നടത്തുന്നതിനായി തിരഞ്ഞെടുക്കുക. അവരുടെ പേരും ഫോൺ നമ്പറും വികാരിയച്ചന്മാർ മുഖേന ഫൊറോനാ കോർഡിനേറ്ററിനെ ഫെബ്രുവരി 25 ന് മുൻപായി ഏൽപ്പിക്കുക.

സർവ്വേ നടത്തുന്ന വ്യക്തികൾക്കുള്ള ഫോർമേഷൻ കൊടുക്കാനുള്ള തിയതി ഫൊറോനാ കോർഡിനേറ്ററുമായി ആലോചിച്ചു ധാരണയിൽ എത്തുക. (മാർച്ച് 5 ന് മുൻപ് ഫോർമേഷൻ മീറ്റിങ് നടത്തേണ്ടതാണ്)

സർവ്വേക്ക് വരുമ്പോൾ വീടുകളിൽ കരുതേണ്ട രേഖകൾ അടങ്ങിയ ലിസ്റ്റ് ഇടവകകളിൽ എത്തിക്കും. സർവ്വേയുടെ ഒരാഴ്ച മുൻപേ അത് എല്ലാ വീടുകളിലും എത്തിക്കുക.

സർവ്വേയുടെ അന്ന് വീടുകളിൽ നിർബന്ധമായും കുടുംബനാഥനും, കുടുംബനാഥൻ

നിയോഗിക്കുന്ന അഭ്യസ്ത വിദ്യനായ (വിവരങ്ങളെല്ലാം നൽകുവാൻ കഴിയുന്ന) ഒരു വ്യക്തിയും ആവശ്യമായ വിവരങ്ങൾ നൽകാൻ തയ്യാറായി ഉണ്ടാകണം.

ചോദിക്കുന്ന ചോദ്യങ്ങൾക്കു സത്യസന്ധമായി ഉത്തരം നൽകേണ്ടതുണ്ട്. കാരണം സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ പ്രയോജനം അർഹമായ കുടുംബങ്ങളിലേക്കു എത്തിക്കാൻ സത്യസന്ധമായ വിവരങ്ങൾ സഹായിക്കും. തെറ്റായ വിവരം നൽകിയാൽ തുടർ പദ്ധതികളിൽനിന്നു പിന്തള്ളപ്പെടുന്നതിനു കാരണമാകും.

സർവ്വേക്ക് വരുന്നവർക്കുള്ള ഉച്ചഭക്ഷണം ക്രമീകരിക്കുക. അവരെ പള്ളിയിൽനിന്ന് കൂട്ടിക്കൊണ്ടു പോയി തിരികെ പള്ളിയിൽ എത്തിക്കുക.


സർവ്വേക്ക് വരുന്നവർക്ക് യൂണിറ്റിലെ മുഴുവൻ കുടുംബങ്ങളുടെയും ഒരു ലിസ്റ്റ് നൽകുക.

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാന ത്തിലായിയിരിക്കും ഭാവിയിൽ നമ്മുടെ സമുദായത്തിനുള്ള ക്ഷേമ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നത്. ശാസ്ത്രീയ പഠനം നടത്തി കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ പിന്നോക്കാവസ്ഥയെ കുറിച്ച് പറയുന്നതെന്ന് കമ്മീഷനെ ബോധ്യപ്പെടു ത്താൻ ഈ സർവ്വേ ആവശ്യമാണ്. അതുകൊണ്ട് ഈ സർവ്വേ നടത്തുന്ന തിൽ നിങ്ങളെല്ലാവരും വേണ്ടത്ര ഉത്സാഹവും ജാഗ്രതയും കാണിക്കണം.

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ താമരശ്ശേരി**
രൂപതയുടെ മെത്രാൻ



*St. Joseph, Pray for us*

*സർക്കുലർ 05/2021*

# വി. യൗസേപ്പിതാവിന്റെ വർഷം - കുടുംബവർഷം

യേശുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

'സ്നേഹത്തിന്റെ സന്തോഷം' എന്ന ചാക്രിക ലേഖനത്തിന്റെ അഞ്ചാം വാർഷികം പ്രമാണിച്ച് 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ കുടുംബവർഷമായി പ്രഖ്യാപിച്ചിരി ക്കുകയാണ്. 2020 ഡിസംബർ 8 ന് ആരംഭിച്ച് 2021 ഡിസംബർ 8 ന് അവസാനിക്കുന്ന വി. യൗസേപ്പിതാവിന്റെ വർഷത്തോട് ചേർത്താണ് മാർപാപ്പ കുടുംബവർഷം പ്രഖ്യാ പിച്ചിരിക്കുന്നത്. വി. യൗസേപ്പിതാവിന്റെ വർഷത്തിലെ കുടുംബവർഷാചര ണം, നമ്മുടെ രൂപതയിൽ കഴിഞ്ഞ വർഷം ആരംഭിച്ച കുടുംബവർഷാചരണ ങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനും തുടരുവാനും വി. യൗസേപ്പിതാവി നോടുള്ള ഭക്തിയിൽ വളരുവാനും നമ്മെ സഹായിക്കും. സാർവ്വത്രിക സഭയിൽ നവീകരണവും മുറിവുണക്കലും, ഗാർഹിക സഭയിൽ ശാക്തീകരണവും അനിവാര്യമായിരിക്കുന്ന ഈ സന്ദർഭത്തിൽ നമുക്ക് നസറത്തിലെ തിരുക്കുടുംബത്തിലേക്കും അതിന്റെ നായകനായ വി. യൗസേപ്പിതാവിലേക്കും നമ്മുടെ ഹൃദയങ്ങളെ ചേർത്തുവെയ്ക്കാം.

ദൈവം വിഭാവനം ചെയ്ത ഏറ്റവും മഹത്തായ രണ്ട് വ്യക്തിക ളുടെ കാവലാളും സംരക്ഷകനുമായിരുന്നു വി. യൗസേപ്പിതാവ്; ഒന്ന്, പരിശുദ്ധകന്യകാമറിയം, രണ്ട്, മനുഷ്യനായി അവതരിച്ച നമ്മുടെ കർത്താ വീശോമിശിഹാ. കാവലാളെന്നും സംരക്ഷകനെന്നും പറഞ്ഞതിനെ വില കുറച്ച് കാണരുത്. വി. യൗസേപ്പ് പരിശുദ്ധകന്യകയുടെ ഭർത്താവു തന്നെ യാണ്. "അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു." (മത്താ. 1:24). "മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട." (മത്താ. 1:20). അതായിരു നല്ലോ ദൈവഹിതം. മനുഷ്യവതാരം ചെയ്ത ദിവ്യരക്ഷകന്റെ പിതാവു തന്നെയാ യിരുന്നു വി. യൗസേപ്പിതാവ്. "നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നുന്നു." (ലൂക്ക. 2:48) പിതാവിന് പ്രാമുഖ്യം നൽകിക്കൊണ്ട് പരിശുദ്ധ അമ്മതന്നെ പറയുന്ന വാക്കുകളാണല്ലോ ഇത്. പരി. അമ്മയെയും ദൈവകുമാരനെയും പരിപാലിച്ചു സംരക്ഷിച്ച ഔസേപ്പിതാവിനോളം പോന്ന ആരുണ്ട് ഇന്നത്തെ പ്രതിസന്ധികളിൽ നമുക്കും നമ്മുടെ സഭയ്ക്കും സംരക്ഷകനായി.

സുവിശേഷഗ്രന്ഥത്തിൽ വി. യൗസേപ്പിതാവിനെക്കുറിച്ച് പരിമിതമായ പരാമർശങ്ങളെ ഉള്ളൂവെങ്കിലും ആ ജീവിതത്തിന്റെ വിശുദ്ധിയും മഹത്വവും വെളിവാക്കാൻ സുവിശേഷത്തിലെ ഹ്രസ്വമായ വാക്കുകൾ തന്നെ ധാരാളം. ആരവങ്ങളും ആർപ്പുവിളികളുമില്ലാത്ത ഒരു ജീവിതമായിരുന്നു വി.

യൗസേപ്പിന്റേത്. ഏകാന്തതയും നിസ്സഹായതകളും ആശയ കുഴപ്പങ്ങളും വിശുദ്ധൻ നിരന്തരം അഭിമുഖീകരിച്ചിരുന്നു. ഗർഭിണിയായ ഭാര്യയെയും കൊണ്ട് എൺപതു മൈൽ ദൂരം നടന്ന് ചക്രവർത്തിയുടെ കല്പന അനുസരിച്ചപ്പോഴും, ദാവീദിന്റെ വംശജനായിരുന്നിട്ടും ഭാര്യയുടെ പ്രസവത്തിനായി ഒരു സ്ഥലവും കിട്ടാതെ ഇടം തേടിയപ്പോഴും തന്റെ അരുമ ശിശുവിന്റെ പ്രാണൻ സംരക്ഷിക്കാനായി ഈജിപ്തിലേക്ക് പ്രയാണം ചെയ്ത് അവിടെ പരദേശിയായി താമസിച്ചപ്പോഴുമെല്ലാം ആ നീതിമാന്റെ ആശ്രയം ദൈവം മാത്രമായിരുന്നു. "കർത്താവ് അരുളിചെയ്ത കാര്യങ്ങൾ വിശ്വസിച്ചവൾ ഭാഗ്യവതി." (ലൂക്ക 1:45) എന്ന എലിസബത്തിന്റെ ആശംസാ വചനങ്ങൾ വി. യൗസേപ്പിതാവിനെപ്പറ്റിയും പറയാനുണ്ടാകും- "കർത്താവരുളിചെയ്തവ അനുവർത്തിച്ചവൻ" എന്ന്! കോവിഡ് -19 മഹാമാരി ലക്ഷോപലക്ഷം ആളുകളുടെ ജീവിതത്തിന്റെ താളം തെറ്റിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യശക്തി ഇപ്പോഴത്തെ പ്രതിസന്ധിയെ അതിജീവിക്കാൻ നമ്മെ സഹായിക്കും.

വിശുദ്ധ സുവിശേഷങ്ങളിൽ യൗസേപ്പിതാവ് ഒരു വാക്കുപോലും ഉരിയാടുന്നതായി നമ്മൾ കേൾക്കുന്നില്ല. അദ്ദേഹം വാക്കുകളുടെയല്ല, പ്രവർത്തികളുടെ മനുഷ്യനാണ്. ദൈവഹിതത്തിന് അദ്ദേഹം കാതോർത്തു; തദനുസൃതം പ്രവർത്തിച്ചു. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നതിൽ, ഉണ്ണിയെയും കൊണ്ട് ഈജിപ്തിലേക്ക് പലായനം ചെയ്യുന്നതിൽ, നസറത്തിൽ വന്ന് താമസമാക്കുന്നതിൽ എല്ലാം അദ്ദേഹം അനുസരിച്ചത് ദൈവത്തിന്റെ വാക്കുകളെയാണ്. മതവും സമുദായവും ആവശ്യപ്പെ ട്ടവയും അദ്ദേഹം നിവർത്തിച്ചു. ഉണ്ണിയെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോഴും, ശുദ്ധീകരണ കാഴ്ചകൾ സമർപ്പിച്ചപ്പോഴും, പരിച്ഛേദനകർമ്മം നിർവ്വഹിച്ചപ്പോഴും, ബഹുദൂരം യാത്രചെയ്ത് പെസഹാത്തിരുന്നാളിന് ജറുസലേമിൽ പോയപ്പോഴുമെല്ലാം അദ്ദേഹം ഒരു കുടുംബനാഥന്റെ ജാഗ്രതയും ശുഷ്കാന്തിയും പ്രകടിപ്പിച്ചിരുന്നു. ഒരു പൗരനെന്ന നിലയിൽ രാജകല്പന അനുസരിക്കുന്നതിലും അദ്ദേഹം വിമുഖത കാട്ടിയില്ല.

വി. ലൂക്കായുടെ സുവിശേഷം 2-ാം അദ്ധ്യായത്തിൽ ബാലനായ യേശുവിനെ ജറുസലം ദൈവാലയത്തിൽ കാണാതാകുന്നതും പിന്നീട് കണ്ടെത്തുന്നതുമായ സംഭവം വിവരിക്കുന്നു. ഈ വിവരണത്തിന്റെ അവസാനത്തിൽ ഇപ്രകാരം പറയുന്നു; "പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു (ലൂക്കാ 2:51). ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും പിന്നീട് ആ ബാലനെ വളർത്തിയത് ആരായിരിക്കും? യൗസേപ്പിതാവുതന്നെ. തുടർന്ന് സുവിശേഷങ്ങൾ വി. യൗസേപ്പിതാവിനെപ്പറ്റി മൗനം പാലിക്കുന്നുവെങ്കിലും യേശുവിന്റെ വാക്കുകളിലും പ്രവർത്തികളിലും ആ നല്ല പിതാവു നൽകിയ പാഠങ്ങളും ശിക്ഷണവും ഒളിഞ്ഞും തെളിഞ്ഞും കാണാൻ കഴിയും.

ഈശോയുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രകടമായിരുന്ന അന്യാദൃശ്യമായ പ്രാഗല്ഭ്യവും, ജ്ഞാനവും ആധികാരികതയും കണ്ട്

അവിടുത്തെ എതിരാളികൾപോലും പറഞ്ഞു: "ഇവന്റെ പ്രബോധനങ്ങൾ ആധികാരികമാണ്" (മത്താ. 7:28) അവർ അതിശയത്തോടെ പരസ്പരം ചോദിച്ചു: "ഇവന് ഈ ജ്ഞാനം എവിടെനിന്ന്?" (മർക്കോസ് 6:2). സഹനത്തിന്റെയും, ക്ഷമയുടെയും, സത്യസന്ധതയുടെയും, കഠിനാധ്വാനത്തിന്റെയും, സൂക്ഷ്മനിരീക്ഷണത്തിന്റെയും പാഠങ്ങൾ ബാലനായ യേശു അഭ്യസിച്ചത് നസ്രത്തിലെ തച്ചന്റെ പഠിപ്പുരയിൽ നിന്നുതന്നെയെന്നതിൽ സംശയമില്ല.

യേശുവിന്റെ പരസ്യജീവിതകാലത്ത് ഒരിടത്തും തന്നെ ആ പിതാവിനെ നമ്മൾ കാണുന്നില്ല. കാനായിലെ വിവാഹവിരുന്നിൽ മറിയം സന്നിഹിതയാണ്. ഈശോയും ശിഷ്യന്മാരും അവിടെയുണ്ട്. എന്നാൽ യൗസേപ്പിതാവ് അവിടെയില്ല. യേശുവിന്റെ കുരിശിൻചുവട്ടിൽ മാതാവുണ്ട്. എന്നാൽ യഹൂദാചാര പ്രകാരം സ്വന്തം മകന്റെ മൃതദേഹം ഏറ്റുവാങ്ങി സംസ്കരിക്കാൻ ആ പിതാവില്ല. ആ വത്സലപിതാവ് അതിനുമുമ്പുതന്നെ - ഈശോയുടെ പരസ്യജീവിതാരംഭത്തിനു മുമ്പേ- നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടു എന്നതാണ് സഭയുടെ പാരമ്പര്യം. പരിശുദ്ധ കന്യകാമാതാ വിന്റെയും രക്ഷകനായ ഈശോമിശിഹായുടെയും അന്തിമശുശ്രൂഷകൾ സ്വീകരിച്ച് അവരുടെ സാന്നിധ്യത്തിൽ ആ പിതാവ് ഈ ലോകത്തോടു വിടപറഞ്ഞു - തന്റെ പുത്രന്റെ രാജ്യത്തിലേക്ക്. അതുകൊണ്ടുതന്നെയാണ് നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായി വി. യൗസേപ്പിതാവിനെ നമ്മൾ വണങ്ങു ന്നത്.

പൂർവ്വപിതാവായ യാക്കോബിന്റെ മകൻ ജോസഫിനെ ഇസ്രായേലിന്റെ ദൈവമായ കർത്താവ് ഈജിപ്തിനുമേൽ കാര്യസ്ഥനായി നിയമിച്ചതുപോലെ സമയത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതന്റെ സംരക്ഷണവും പരിപാലനവും അവിടുന്ന് മറ്റൊരു യാക്കോബിന്റെ മകനായ ജോസഫിന് നൽകി. എണ്ണമറ്റ രാജാക്കന്മാരും പ്രവാചകന്മാരും ആരെ കാണാൻ ആഗ്രഹിച്ചുവോ അവനെ യൗസേപ്പിതാവ് പരിപാലിച്ചു. അവനുമായി സംസാരിച്ചു, അവനോടൊപ്പം അന്തിയുറങ്ങി, അവന്റെ സാന്നിധ്യത്തിൽ പരലോകപ്രാപ്തനായി.

പ്രശ്നകലുഷിതമായ ഒരു കാലഘട്ടത്തിലൂടെ തിരുസഭ കടന്നുപോയപ്പോൾ, സകലദിക്കുകളിലും നിന്ന് ശത്രുക്കളുടെ ആക്രമണമുണ്ടായപ്പോൾ, ദൈവനിഷേധികൾ സഭയ്ക്കെതിരേ ആഞ്ഞടിച്ചപ്പോൾ പീയൂസ് 9-ാമൻ മാർപ്പാപ്പ സഭയുടെ സംരക്ഷകനായി കണ്ടത് വി. യൗസേപ്പിതാവിനെയാണ്. 1870 ഡിസംബർ 8 ന് പീയൂസ് പാപ്പ വി. യൗസേപ്പിതാവിനെ സാർവ്വത്രികസഭയുടെ സംരക്ഷകനും മദ്ധ്യസ്ഥനുമായി പ്രഖ്യാപിച്ചു.

ഒൻപതാം പീയൂസ് പാപ്പായുടെ പിൻഗാമിയായി വന്ന ലിയോ 13-ാമൻ മാർപ്പാപ്പ വി. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രചരിപ്പിച്ചു. "ഭാഗ്യപ്പെട്ട മാർ യൗസേപ്പിതാവേ...'' എന്ന പ്രാർത്ഥന രചിച്ചത് അദ്ദേഹമാണ്. അമലോത്ഭവകന്യകയായ മറിയത്തോടുള്ള പവിത്രമായ സ്നേഹവും ഉണ്ണിയീശോയെ ആലിംഗനം ചെയ്ത പിതൃവാത്സല്യവും ഈശോയുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട തിരുസഭയോട് ഉണ്ടാകണമേ എന്ന് മാർപ്പാപ്പ പ്രാർത്ഥിച്ചു. യൗസേപ്പിതാവിനെ സവിശേഷമായി സ്മരിക്കുന്ന ഈ വർഷത്തിൽ

ഈ മനോഹരമായ പ്രാർത്ഥന ഭക്തിയോടെ നമുക്കും ഉരുവിടാം. കുടുംബ പ്രാർത്ഥനയിൽ ഈ പ്രാർത്ഥന കൂടി ഉൾപ്പെടുത്തണമെന്ന് ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.


1955-ൽ വി. യൗസേപ്പിതാവിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ച്, മെയ് 1-ാം തീയതി തൊഴിലാളികളുടെ മദ്ധ്യസ്ഥന്റെ തിരുനാളിന് ആരംഭംകുറിച്ച പന്ത്രണ്ടാം പീയൂസ് പാപ്പ ഇപ്രകാരം പറഞ്ഞു: "നിനക്ക് യേശുവിനോട് ചേർന്നു നിൽക്കണമെന്നുണ്ടോ; യൗസേപ്പിതാവിന്റെ അരികിലേക്ക് ചെല്ലുക' (ita ad Joseph - go to Joseph).

വി. യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ എഴുതിയ "ഒരു പിതാവിന്റെ ഹൃദയത്തോടെ" എന്ന പ്രബോധനത്തിൽ അദ്ദേഹം പറയുന്നു: "പ്രതിസന്ധികളിൽ വലയുമ്പോൾ ശക്തനായ ഒരു മദ്ധ്യസ്ഥനെയും, ഉറപ്പുള്ള ഒരു സഹായകനെയും ജ്ഞാനിയായ ഒരു വാഗ്ദർശിയെയും വി. യൗസേപ്പിതാവിൽ നമുക്ക് കാണാൻ കഴിയും".

വി. യൗസേപ്പിതാവിന്റെ വർഷത്തിലെ കുടുംബവർഷാചരണത്തിൽ നമ്മുടെ കുടുംബങ്ങളെ വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിന് നമുക്ക് ഭര മേല്പ്പിക്കാം. വളരെ പ്രത്യേകമായി തിന്മയുടെ ശക്തികൾ നമ്മുടെ പെൺകുട്ടി കളെ കഴുകൻ കണ്ണുകളോടെ അപഹരിക്കുവാൻ പരിശ്രമിക്കുമ്പോൾ തിരുസഭ യുടെ സംരക്ഷകനായ വി. യൗസേപ്പിതാവിൽ നമുക്ക് ആശ്രയിക്കാം. ഞാൻ ഇതിനു മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ വി. യൗസേപ്പിതാവിന്റെ രൂപം കുടും ബങ്ങളിൽ അലങ്കരിച്ചു വയ്ക്കുവാനും മാർച്ചു മാസം യൗസേപ്പിതാവിന്റെ വണ ക്കമാസം സമുചിതമായി ആചരിക്കുവാനും എല്ലാവരും പരിശ്രമിക്കേണ്ടതാണ്. മുത്തിയൂട്ട് പോലെയുള്ള പ്രാദേശികപാരമ്പര്യങ്ങൾ ആചരിക്കുന്നതും പ്രോത്സാ ഹിപ്പിക്കുന്നതും നല്ലതാണ്. എല്ലാ ബുധനാഴ്ചകളിലും എല്ലാ മാസത്തെയും 19-ാം തീയതിയും നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, സന്യാസ സമൂഹങ്ങളിലും, സ്ഥാപനങ്ങളിലും, കുടുംബങ്ങളിലും വി. യൗസേപ്പി താവിനോടുള്ള നൊവേന ചൊല്ലി, തിരുക്കുടുംബത്തിന്റെ നാഥനായ വി. യൗസേപ്പിതാവിന്റെ സംരക്ഷണത്തിന് നമ്മുടെ എല്ലാ കുടുംബങ്ങളെയും തിരുസ്സഭയേയും സമർപ്പിക്കാം.

തിരുസഭയുടെ സംരക്ഷകനും കുടുംബങ്ങളുടെ പാലകനുമായ വി. യൗസേ പ്പിതാവിന്റെ ശക്തമായ മാധ്യസ്ഥ്യം നമ്മുടെ കുടുംബങ്ങൾക്കും രൂപതയ്ക്കും സാർവ്വത്രിക സഭയ്ക്കും അനുഗ്രഹമായി മാറട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

# കച്ചേരിക്കാര്യം

## 1. യേശുനിധി 2021

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ ഭവനങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിനുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിരിക്കുന്നു. ഇടവക കളിലേക്കുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ നിന്ന് എടുക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## 2. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

2021 മാർച്ച് 29 തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്നതാണ്. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുന്നു. കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുന്നതാണ്. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചഭക്ഷണം രൂപതാഭവനിൽ. ഇടവകകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

## 3. വി. യൗസേപ്പിതാവിന്റെ വണക്കമാസം

ആഗോളസഭയിൽ 2021 വി. യൗസേപ്പ് പിതാവിന്റെ വർഷമായി ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. തിരുക്കുടുംബ ത്തിന്റെ സംരക്ഷകനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം കൂടുത ലായി നമുക്ക് യാചിക്കാം. മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ടതാണല്ലോ. വി. യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ കൂടുതൽ വളരുന്നതിനും ദൈവാലയങ്ങളിൽ വി. യൗസേപ്പിതാവിന്റെ നൊവേനയും പ്രാർത്ഥനകളും ചൊല്ലുവാനും അതുവഴി ഈ മഹാമാരിയിൽ നിന്ന് മോചനം നേടുവാനും വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കാം. മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സമുചിതമായി ആചരിക്കുവാനും കുടുംബങ്ങളിൽ വണക്കമാസം ചൊല്ലുവാനും ദൈവജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

## 4. കുടുംബവർഷം

'സ്നേഹത്തിന്റെ സന്തോഷം' എന്ന ചാക്രികലേഖലത്തിന്റെ അഞ്ചാം വാർഷികം പ്രമാണിച്ച് 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ

കുടുംബവർഷമായി പരിശുദ്ധപിതാവ് പ്രഖ്യാപിച്ചിരിക്കുകയാണ്. വി. യൗസേപ്പിതാവിന്റെ വർഷത്തോടു ചേർത്താണ് കുടുംബവർഷവും മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്. നമ്മുടെ രൂപതയിൽ കഴിഞ്ഞവർഷം ആരംഭിച്ച കുടുംബവർഷത്തെ കൂടുതൽ ശക്തിപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം.

**5. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചു തീർക്കണമെന്ന് അറിയിക്കുന്നു. രൂപതാവിഹിതം ഈ വർഷം ഫൊറോന കേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി നിങ്ങളെ അറിയിക്കുന്നതാണ്.

**6. ദൈവവിളി പ്രോത്സാഹനം**

ഈ വർഷം ദൈവവിളി ക്യാമ്പുകൾ നടത്തുവാൻ സാധ്യമല്ലാത്തതിനാൽ നമ്മുടെ ഇടവകകളിൽ നിന്നുള്ള നല്ല കുട്ടികളെ കണ്ടെത്തി പൗരോഹിത്യ സന്യസ്ത ദൈവവിളികൾ സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. നമ്മുടെ രൂപതയിൽ ചേർന്ന് ഒരു വൈദികനാകുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ രൂപതാ വൊക്കേഷൻ പ്രൊമോട്ടർക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

**7. സ്മരണാഞ്ജലി**

13-03-1987 - റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.

17-03-1991 - റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി

**24-03-2011 - റവ. ഫാ ജോർജ് പരുത്തപ്പാറ**

**26-03-2020 - റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി**

**29-03-2018 - റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ**

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ ജോർജ്
പരുത്തപ്പാറ
24-03-2011



റവ. ഫാ. സെബാസ്റ്റ്യൻ
കാഞ്ഞിരക്കാട്ടുകുന്നേൽ
29-03-2018



റവ. ഫാ ജോൺ
പനയ്ക്കപ്പിള്ളി
26-03-2020

# സെമിനാരി വാർത്തകൾ

## എൻട്രൻസ് പരീക്ഷ

വിവിധ മേജർ സെമിനാരികളിലേക്ക് തത്വശാസ്ത്ര പഠനത്തിന് വേണ്ടിയുള്ള എൻട്രൻസ് എക്സാം ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച സെമിനാരിയിൽ വച്ച് നടന്നു.13 പേർ പരീക്ഷ എഴുതി.

## കപ്പവാട്ട് മഹോത്സവം

ഈ വർഷത്തെ കപ്പവാട്ട് ഫെബ്രുവരി 2,8 തീയതികളിൽ രണ്ടു പ്രാവശ്യമായി നടത്തപ്പെട്ടു.അഭിവന്ദ്യപിതാവിന്റെയും രൂപതാ ഭവനത്തിലേയും സെമിനാരിയിലേയും വൈദീകരുടെയും നേതൃത്വത്തിലാണ് കപ്പവാട്ട് നടത്തിയത്. ഡിഗ്രി, മൈനർ സെമിനാരി വിദ്യാർത്ഥികൾ വലിയ ആവേശത്തോടെയും ഉത്സാഹത്തോടെയും കപ്പവാട്ടിൽ പങ്കുചേർന്നു.

## വോളിബോൾ സൗഹൃദ മത്സരം

ഫെബ്രുവരി 21-ാം തീയതി സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് കല്ലുരുട്ടി ഇടവകയിലെ യുവജനങ്ങളുമായി വോളിബോൾ സൗഹൃദ മത്സരം നടത്തി. മത്സരത്തിൽ അൽഫോൻസാ മൈനർ സെമിനാരി ജേതാക്കളായി. കല്ലുരുട്ടി ടീമിനെ സജ്ജമാക്കിയ ബഹുമാനപ്പെട്ട തോമസ് ചിലമ്പിക്കുന്നേലച്ചനെ നന്ദിയോടെ ഓർക്കുന്നു.

## പരീക്ഷകൾ, അവധിക്കാലം

2020-2021 അദ്ധ്യയന വർഷം വാർഷിക പരീക്ഷയോടുകൂടി സമാപിക്കുകയാണ്. മാർച്ച് 1 മുതൽ 10 വരെയുള്ള ദിവസങ്ങളിലാണ് വാർഷിക പരീക്ഷ. തുടർന്ന് 11-ാം തീയതിയോടു കൂടി ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കു അവധി ആരംഭിക്കുന്നു. മാർച്ച് 17 മുതൽ 30 വരെയാണ് ഈ വർഷത്തെ പ്ലസ് ടു പൊതുപരീക്ഷ നടത്തപ്പെടുന്നത്. കൊറോണ കാലഘട്ടത്തിന്റെ ബുദ്ധിമുട്ടുകൾക്കിടയിലും ശ്രദ്ധയോടും ത്യാഗത്തോടും കൂടെ ക്ലാസ്സുകളെടുത്ത വൈദീക വിദ്യാർത്ഥികളെ പരീക്ഷകൾക്കായി ഒരുക്കിക്കൊണ്ടിരിക്കുന്ന എല്ലാ വൈദീകരെയും നന്ദിയോടെ ഓർക്കുന്നു.

## മ്ശംമ്ശാന, ഹെവ്പദയാക്കോനാ, കാറോയ പട്ടങ്ങൾ

വിവിധ മേജർ സെമിനാരികളിൽ രൂപതയ്ക്കുവേണ്ടി ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന 14 വൈദീക വിദ്യാർത്ഥികൾ മാർച്ച് 27-ാം തീയതി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിക്കുകയാണ്. മാർച്ച് 27-ാം തീയതി രാവിലെ 8 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ചാണ് പട്ടശുശ്രൂഷകൾ. എല്ലാ വൈദീക വിദ്യാർത്ഥികൾക്കും പ്രാർത്ഥനാശംസകൾ.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# മതബോധനം

'അവളുടെ ഭർത്താവായ ജോസഫ് നീതിമാൻ ആകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു' (മത്തായി 1,19). ആഗോള സഭയിൽ വിശുദ്ധ യൗസേപ്പിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷം സ്വർഗ്ഗ യാത്രയ്ക്ക് വിശുദ്ധ യൗസേപ്പിന്റെ സഹായവും പ്രാർത്ഥനയും എത്രമാത്രം ആവശ്യമാണ് എന്ന് നാം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. യേശു ശിശുവായിരുന്നപ്പോൾ അവനെ കൈകളിൽ വഹിക്കാനും, ബാലൻ ആയിരുന്നപ്പോൾ അവനെ പഠിപ്പിക്കാനും, യുവാവായിരുന്നപ്പോൾ അവനോടുകൂടെ ജോലിചെയ്യാനും ഭാഗ്യം ലഭിച്ച വിശുദ്ധനാണ് വിശുദ്ധ യൗസേപ്പ്. യൗസേപ്പിതാവിനെ പ്രത്യേകമായി നാം അനുസ്മരിക്കുന്ന മാർച്ച് മാസത്തിൽ ഈ വിശുദ്ധനെ കൂടുതൽ സ്നേഹിക്കാനും പ്രാർത്ഥിക്കാനും വിശുദ്ധ യൗസേപ്പിന്റെ മാതൃക അനുകരിക്കാനും നമുക്ക് പരിശ്രമിക്കാം.

## Joseph Says

വിശുദ്ധ യൗസേപ്പിന്റെ വർഷത്തിൽ താമരശ്ശേരി രൂപതയിലുള്ളജോസഫ് നാമധാരികളായ വൈദികർ വിശുദ്ധ യൗസേപ്പിനെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തുന്ന പരിപാടിയാണ് Joseph Saysമോൺ. ജോൺ ഒറവുങ്കരയുടെ പ്രാരംഭ സന്ദേശത്തോടു കൂടി ആരംഭിച്ച പ്രഭാഷണപരമ്പരയിൽ ഫാ. ജോസഫ് കീലത്ത്, ഫാ. ജോസഫ് അരഞ്ഞാണിഓലിക്കൽ എന്നിവർ ഇതിനോടകം സംസാരിച്ചു.

## അഭിവന്ദ്യ പിതാവിന്റെ St. Joseph Year സന്ദേശം

Catechesis thamarassery youtube ചാനൽ വഴി അഭിവന്ദ്യ മാർറെമീജിയോസ് പിതാവ് വിശുദ്ധ യൗസേപ്പിതാവിൻെറ വർഷത്തോടനുബന്ധിച്ച് സന്ദേശം നൽകുകയും വിശുദ്ധ യൗസേപ്പിനെ കൂടുതൽ സ്നേഹിക്കാനും ആ വിശുദ്ധനോട് കൂടുതൽ പ്രാർത്ഥിക്കാനും അധ്യാപകരോടും കുട്ടികളോടും ആഹ്വാനം ചെയ്തു.

## Thoughts & Quotes

വിശുദ്ധ യൗസേപ്പിൻെറ വർഷം നിറവ് ഉള്ളതാക്കാൻ വിശ്വാസ പരിശീലന കേന്ദ്രം തയ്യാറാക്കുന്ന വിശുദ്ധ യൗസേപ്പിനെ കുറിച്ചുള്ള സത്ചിന്തകളാണ് *Thoughts & Quotes*. വിശുദ്ധ യൗസേപ്പിൻെറ ജീവിതവും മാതൃകയും കുട്ടികൾക്ക് വരച്ചു കാണിക്കാൻ ഈ ചിന്തകളിലൂടെ ശ്രമിക്കുന്നു.

## Short Film

'*നസ്രത്തിലെ പിതാവായ വിശുദ്ധ യൗസേഫ്*' എന്ന വിഷയത്തെ ആധാരമാക്കി വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ചിരിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിൻെറ

നിർദ്ദേശങ്ങൾ നൽകുകയുണ്ടായി ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങൾ യഥാക്രമം 20000, 10000, 5000. രൂപയാണ് മെയ് 31 നാണ് ഷോർട്ട് ഫിലിം സമർപ്പിക്കേണ്ട അവസാന തീയതി.

### ചാപ്പൻതോട്ടം ഇടവക സന്ദർശനവും സ്റ്റാഫ് മീറ്റിങ്ങും

07.02.2021 ചാപ്പൻതോട്ടം ഇടവക സന്ദർശിക്കുകയും ദിവ്യബലി അർപ്പിച്ച് ഇടവക മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനെ കുറിച്ച് രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ പ്രസംഗിക്കുകയും വിശ്വാസ പരിശീലകരെ കാണുകയും കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### മരുതോങ്കര ഇടവക സന്ദർശനവും സ്റ്റാഫ് മീറ്റിങ്ങും

ഫെബ്രുവരി 14 ഞായർ രൂപതാ ഡയറക്ടർ മരുതോങ്കര ഇടവക സന്ദർശിക്കുകയും ബലിയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്കുശേഷം വികാരി അച്ചന്റെയും അസിസ്റ്റന്റ് വികാരിയുടെയും സാന്നിധ്യത്തിൽ മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവി പരിപാടികളെക്കുറിച്ച് ആലോചിക്കുകയും ചെയ്തു.

### HCC-I, HCC-II പരീക്ഷാ ഫലം

ജനുവരി 26ന് നടന്ന HCC പരീക്ഷകളുടെ റിസൾട്ട് 2021 ഫെബ്രുവരി 13 ശനിയാഴ്ച പ്രഖ്യാപിച്ചു. പുന്നയ്ക്കൽ ഇടവകയുടെ പരീക്ഷ നടക്കാത്തതിനാൽ രൂപതാതലത്തിൽ റാങ്ക് നേടിയ കുട്ടികളുടെ പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

### Say Exam

HCC പരീക്ഷയ്ക്ക് പരാജയപ്പെടുകയും വിവിധ കാരണങ്ങൾകൊണ്ട് പരീക്ഷ എഴുതാൻ സാധിക്കാതിരിക്കുകയും ചെയ്ത കുട്ടികൾക്കുള്ള സേ എക്സാം 2021 ഫെബ്രുവരി 21 ന് വിവിധമേഖലകളിൽ നടന്നു.

### വാർഷിക പരീക്ഷകൾ

2021 വർഷത്തെ വിശ്വാസപരിശീലന വാർഷിക പരീക്ഷ 2021 മാർച്ച് 7 ന് നടക്കുന്നതാണ്. 1 മുതൽ 5 വരെ ക്ലാസ്സുകാർക്ക് രാവിലെ 10 am-to 12 pm വരെയും 6 മുതൽ 9 വരെ ക്ലാസ്സുകാർക്ക് 2 pm to 4 pm വരെയും പരീക്ഷകൾ നടത്തും. മാതാപിതാക്കളുടെ നിരീക്ഷണത്തിലായിരിക്കും പരീക്ഷകൾ നടക്കുന്നത്.

### 10-ാം ക്ലാസിന് എഴുത്തുപരീക്ഷ

പത്താം ക്ലാസിലെ പരീക്ഷ എഴുത്തുപരീക്ഷയായിരിക്കും 2021 ഏപ്രിൽ 10 ശനിയാഴ്ച 10 am to 12 pm വരെ ആയിരിക്കും പത്താം ക്ലാസിലെ പരീക്ഷ. പരീക്ഷകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇതിനോടകംഎല്ലാവരെയും അറിയിച്ചിട്ടുണ്ട്.

## വിശുദ്ധരെ അറിയാം

തിരുബാല സഖ്യത്തിലെ കൊച്ചുകുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ മതബോധനകേന്ദ്രം തയ്യാറാക്കുന്ന വിശുദ്ധരെ അറിയാം എന്ന പംക്തിയിൽ ഈ മാസം തിരുബാലസഖ്യം കുട്ടികളാണ് വിശുദ്ധരെ പരിചയപ്പെടുത്തുന്നത്.

## സഭാ വാർത്തകൾ

ഈ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും സഭാവാർത്തകൾ അവതരിപ്പിച്ചു. വാർത്തകൾ ക്രമീകരിച്ചു നൽകിക്കൊണ്ടിരിക്കുന്ന രൂപത പ്രസിഡന്റ് ബാബു സാറിനും വീഡിയോ എഡിറ്റിംഗ് നടത്തുന്ന അമൽ ചെട്ടിപറമ്പിലിനും പ്രത്യേകം നന്ദി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

### മാർച്ച്മാസ പ്രോഗ്രാം

| | | |
|---|---|---|
| മാർച്ച് 1 | – | എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് ദൈവിവിളി ആശംസാ കാർഡ് അയയ്ക്കുക. |
| 13 | – | നൂറുമേനി ക്വിസ് മത്സരം |
| 18 | – | ജറുസലെമിലെ വി. സിറിൾ തിരുനാൾ |
| 19 | – | വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ |
| 20 | – | എക്സിക്യൂട്ടീവ് |
| 25 | – | മംഗളവാർത്താതിരുനാൾ |
| 26 | – | നാൽപതാം വെള്ളി |
| 28 | – | ഓശാന ഞായർ |

## വചനോപാസി

ബൈബിൾ മനഃപാഠമാക്കുന്ന പദ്ധതിയാണിത്. വി. മർക്കോസിന്റെ സുവിശേഷമാണ് ഏപ്രിൽ അവസാനം നടക്കുന്ന മത്സരത്തിനായി പഠിക്കേണ്ടത്. വചനോപാസി ബൈബിൾ പഠനയജ്ഞത്തിൽ പങ്കെടുക്കുന്ന കുട്ടികൾ 2021 മാർച്ച് 31 ന് മുമ്പ് രൂപതാകേന്ദ്രത്തിൽ പേര് നല്കേണ്ടതാണ്. വിജയികൾക്ക് യഥാക്രമം 3000, 2000, 1000, 750, 500 രൂപ വീതം സമ്മാനം ആദ്യ 5 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ലഭിക്കുന്നു.

### ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

രൂപതാതലത്തിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തുന്ന ക്യാമ്പ് മെയ് മാസത്തിൽ ഒരു ദിവസം പിന്നീട് അറിയിക്കുന്നതാണ്. പെർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്തുവാൻ ഉതകുന്ന ക്യാമ്പാണ് ഇത്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള ട്രെയിനേഴ്സ് പരിശീലനം നല്കുന്നു. മേഖല ജൂനിയർ ഭാരവാഹികൾ നിർബന്ധമായും ഇതിൽ പങ്കെടുക്കണം.

### സമ്മാനദാനം

ഈ പ്രവർത്തനവർഷത്തെ മത്സരങ്ങളുടെയും സമ്മാനദാന ചടങ്ങ് മെയ് മാസത്തിൽ സംഘടിപ്പിക്കുന്നതായിരിക്കും.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ

## ബൈബിൾ അപ്പസ്തോലേറ്റ്

സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതിയവരുടെ പേരുകൾ കഴിഞ്ഞലക്കത്തിൽ ചേർക്കാൻ വിട്ടുപോയത് താഴെക്കൊടുക്കുന്നു. വരും മാസങ്ങളിൽ ഓരോ ഫൊറോന കേന്ദ്രീകൃതമായി സമ്പൂർണ്ണ ബൈബിൾ എഴുതി കഴിഞ്ഞവരെ ഒരുമിച്ചുകൂട്ടി പ്രോത്സാഹനസമ്മാനങ്ങൾ നല്കു ന്നതാണ്.

**ചക്കിട്ടപാറ**
സിൽജി ജോൺ തോണക്കര

**കട്ടിപ്പാറ**
ജിൻസി തോമസ് കൊച്ചുവീട്ടിൽ

**പീടികപ്പാറ**
മോളി ബാബു വരിക്കമാക്കൽ

**തിരുവമ്പാടി**
അമ്പിളി സാലസ് നരിക്കുഴിയിൽ

**തോട്ടുമുക്കം**
ബീന മാനുവേൽ കൂട്ടിയാനിക്കൽ

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# തിരുബാലസഖ്യം

## 2021 മാർച്ച് – വി. യൗസേപ്പിതാവിന് പ്രതിഷ്ഠിതം

പരിചയപ്പെടുത്തുന്ന വിശുദ്ധർ – വി. പാട്രിക്, വി. സിറിൾ, വി. യൗസേപ്പിതാവ്, സിയന്നായിലെ വി. കത്രീന

പ്രാർത്ഥനാ നിയോഗം – പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി.

സുകൃതജപം – നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണേ.

| | | |
|---|---|---|
| വചനം | – | മർക്കോസ് 12:28–34 |
| 7 ഞായർ | – | സുവിശേഷം മത്താ. 21:33–44, റോമ 8:12–17 |
| 8 തിങ്കൾ | – | വനിതാദിനം – മാതൃവേദി പ്രവർത്തകർക്ക് ആശംസകൾ |
| 14 ഞായർ | – | സുവിശേഷം യോഹ. 7:37–39, 8:12–20, റോമ 12:1–11 |
| 18 വ്യാഴം | – | ജറുസലെമിലെ വി. സിറിൾ തിരുനാൾ |
| 19 വെള്ളി | – | വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ |
| 21 ഞായർ | – | സുവിശേഷം യോഹ. 10:11–18, റോമ 14:13–23 |
| 26 വെള്ളി | – | നാൽപ്പതാം വെള്ളി, കുരിശിന്റെ വഴി |
| 28 ഞായർ | – | ഓശാന ഞായർ, സുവിശേഷം മത്താ. 21:1–17 റോമാ 11:13–24 |

പ്രവൃത്തി : വി. യൗസേപ്പിതാവിന്റെ വർഷത്തിൽ ഒരു ചെറിയ പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കാനായി ഒരുങ്ങുക.

ഗീതം : യേശുവിന്റെ സ്വന്തമാക്കുവാൻ ഉള്ളിലിന്നു..... – പഠിക്കുക.

## വിശുദ്ധരെ പരിചയപ്പെടുത്തൽ

രൂപതാ മതബോധനകേന്ദ്രം എല്ലാ ആഴ്ചയും സംഘടിപ്പിക്കുന്ന 'വിശുദ്ധരെ പരിചയപ്പെടുത്തൽ' പരിപാടിയിലേക്ക് ഫെബ്രുവരി മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരും അവർ അവതരിപ്പിച്ച വിശുദ്ധരും

1 ഐറിൻ മരിയ സോജി ഏറത്ത്, കട്ടിപ്പാറ – വി. ജോൺ ബ്രിട്ടോ
2 സേറ മേരി സതീഷ്, കുണ്ടായിത്തോട് – വി. ഡൊമിനിക് സാവിയോ
3 ഫ്രാൻസിസ് ജോസ് നിരപ്പത്ത്, മുക്കം – വി. പോളികാർപ്പ്
4 ജാൻവി റോസ് കാക്കക്കൂട്ടുങ്കൽ, തേക്കുംകുറ്റി – വാ. റാണി മരിയ

മാർച്ച് മാസത്തിലെ 4 ഞായറാഴ്ചകളിൽ പരിപാടി അവതരിപ്പിക്കുന്നതായിരിക്കും. പിന്നീട് ജൂൺ മാസത്തിൽ പുനരാരംഭിക്കുന്നതാണ്.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച നടക്കുന്നു. വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ഈ ക്ലാസ്സുകൾ നടക്കുന്നത്.

'വിശുദ്ധ കുർബാനയുടെ പഴയനിയമ പശ്ചാത്തലം' എന്ന വിഷയത്തെ ആസ്പദമാക്കി കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ആരാധനക്രമ അധ്യാപകനായ ബഹു. ഫാ. തോമസ് കരിന്തോളിൽ അച്ചൻ ഫെബ്രുവരി 13 ന് ക്ലാസ്സ് നയിച്ചു. ഫെബ്രുവരി 27ന് ക്ലാസ് നയിച്ചത് ബഹു. വിൻസെന്റ് ചിറ്റിലപ്പിള്ളി MCBS അച്ചനായിരുന്നു. 'വിശുദ്ധ കുർബാന വിശുദ്ധ ഗ്രന്ഥത്തിന്റെ കേന്ദ്രം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അച്ചൻ ക്ലാസ് നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 150 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസ്സിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ ക്ലാസ്സുകളിലൂടെ ഉദ്ദേശിക്കുന്നത്. താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി.എം .ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്**

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

ഈ ക്ലാസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് 8281346179 എന്നഫോൺ നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത എന്നിവ രജിസ്റ്റർചെയ്യാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# കുടുംബകൂട്ടായ്മ

## നല്ലിടയൻ പദ്ധതി

കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ മാതൃവേദി, KCBC മദ്യവിരുദ്ധ സമിതി എന്നിവയുടെ സഹകരണത്തോടെ നല്ലിടയൻ പദ്ധതി നടപ്പിലാക്കുന്നു. ഇടവകയിൽ അർഹതയുള്ള കുടുംബത്തെ അതാത് ഇടവക വികാരിയച്ചന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത് അവർക്ക് ആടിനെ നൽകുന്ന പദ്ധതി ആണിത്. നിശ്ചിത കാലം കഴിയുമ്പോൾ ഈ കുടുംബം ഒരു ആട്ടിൻ കുട്ടിയെ ഈ പദ്ധതിയിലേക്ക് നൽകും ഇങ്ങനെ തുടരുന്ന പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം മാർച്ച് 13 ന് അഭിവന്ദ്യ പിതാവ് നിർവഹിക്കും.

## ഇടയനോടൊപ്പം ഇടവക

കോവിഡ് കാലത്ത് നിർത്തിവച്ച കുടുംബ കൂട്ടായ്മകൾ പല ഇടവകകളിലും പുനരാരംഭിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇടവകകളിൽ യൂണിറ്റിലെ സാഹചര്യമനുസരിച്ച് ഇത് നടത്താം. അഭിവന്ദ്യ പിതാവിനോടൊപ്പമുള്ള ഇടയനോടൊപ്പം ഇടവക എന്ന പ്രോഗ്രാം വീണ്ടും ആരംഭിച്ചു.

ന്യൂനപക്ഷ കമ്മീഷനു നമ്മുടെ സമുദായത്തിന്റെ പിന്നാക്കാവസ്ഥ സമർപ്പിക്കുന്നതിനും സംവരണാനുകൂല്യങ്ങൾ നേടി എടുക്കാനുമുള്ള സർവ്വേ നമ്മുടെ രൂപതയിൽ കുടുംബ കൂട്ടായ്മയുടെ സഹകരണത്തോടെ നടന്നു വരുന്നു. ഇതിന് എല്ലാ കുടുംബ യൂണിറ്റുകളും കാര്യക്ഷമമായി ഇടപെടുകയും നേതൃത്വം നൽകുകയും വേണം.

## നോമ്പ് : കാരുണ്യ പ്രവർത്തികൾ

നോമ്പുകാലത്തുള്ള കാരുണ്യ പ്രവർത്തനങ്ങൾ കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പാക്കണമെന്ന് കുടുംബ കൂട്ടായ്മ രൂപത സമിതി ഓൺലൈൻ യോഗം ആവശ്യപ്പെട്ടു. തിരുവമ്പാടി സ്നേഹാലയത്തിൽ കുടുംബകൂട്ടായ്മ രൂപത സമിതി കാരുണ്യ ക്രിസ്മസ് ആഘോഷം ഉദ്ഘാടനം ചെയ്തപ്പോൾ അഭിവന്ദ്യ പിതാവ് ഈ കാര്യം ഓർമിപ്പിച്ച കാര്യം യോഗം എടുത്ത് പറഞ്ഞു. അർഹതപ്പെട്ടവരിലേക്ക് സഹായം എത്തുമ്പോഴാണ് ഓരോ കൂട്ടായ്മകളും അർത്ഥമുള്ളതാകുന്നത്. രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ, സെക്രട്ടറി സണ്ണി കൂഴമ്പാല, ആന്റണി മോഴികാട്, സെബാസ്റ്റ്യൻ, നോബി കൂരാച്ചുണ്ട് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# മാതൃവേദി

മാതൃവേദിയുടെ ഫെബ്രുവരി മാസത്തിലെ വിചിന്തന വിഷയം മാനസിക ആരോഗ്യം എന്നതാണ്. ഇതിനോട് അനുബന്ധിച്ചുള്ള ചർച്ചകൾ ഇടവകായോഗങ്ങളിൽ നടത്തുന്നു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

മാതൃവേദിയുടെ രൂപത കാര്യാലയത്തിൽ നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ 2020 ലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും 2021 ലെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും, കൂടാതെ ഫെബ്രുവരി മാസം നടന്ന ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗിൽ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കുകയും, 2021ലെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു.

## വെബിനാർ: വനിതാദിനം

മാർച്ച് മാസത്തിൽ രൂപത തലത്തിൽ വനിതാ ദിനത്തോടനുബന്ധിച്ച് സ്ത്രീ ശക്തീകരണം, നിയമസഹായം എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിക്കുന്നു.

## വി. യൗസേപ്പിതാവിന്റെ വർഷം

വി. യൗസേപ്പ് പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ട ഈ വർഷം എല്ലാ മാസത്തിലെയും ആദ്യ ബുധനാഴ്ച മേഖലകളുടെ നേതൃത്വത്തിൽ ഒരു മണിക്കൂർ വി. യൗസേപ്പ്പിതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകളും കരുണ കൊന്തയും ചൊല്ലി സമർപ്പിക്കുന്നു.

നോമ്പ് കാലത്ത് എല്ലാ വെള്ളിയാഴ്ചയും 3.00 മണിക്ക് സാധിക്കുന്ന അമ്മമാർ ദൈവാലയത്തിലും മറ്റുള്ളവർ സ്വഭവനങ്ങളിലും കുരിശിന്റെ വഴി ചൊല്ലി കത്തോലിക്കാ സഭക്കായി പ്രത്യേകം സമർപ്പിക്കുന്നു.

## പ്രവർത്തനവർഷ ഉദ്ഘാടനം

മാർച്ച് 13 ന് പ്രവർത്തന വർഷ ഉദ്ഘാടനവും കഴിഞ്ഞ വർഷം നടത്തിയ മത്സരങ്ങളുടെ സമ്മാനദാനവും അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ നടത്താൻ തീരുമാനിച്ചു.

## മേഖലാ സമ്മേളനങ്ങൾ

താമരശ്ശേരി മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി മാസം നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പുതിയ മേഖല ആനിമേറ്ററായി സി. അമല SFN ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

പെരിന്തൽമണ്ണ മേഖലയുടെ ഓൺലൈൻ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. യൂണിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. മാർച്ച് ആദ്യവാരം ജനറൽ ബോഡി യോഗം ചേരുവാൻ തീരുമാനിച്ചു.

മാർച്ച് മാസം മാതൃവേദിയെക്കുറിച്ച് അറിയുവാനും പഠിക്കാനുമായി മാറ്റി വയ്ക്കുന്നു. വി. യൗസേപ്പ് പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ട മാസമായതിനാൽ വി. യൗസേപ്പ് പിതാവിന്റെ വണക്കമാസം എല്ലാ ഭവനങ്ങളും എത്തിക്കാനുള്ള പ്രവർത്തനമാരംഭിച്ചു.

### ജീവകാരുണ്യ പ്രവർത്തനം

ഫെബ്രുവരി 27 ന് രൂപതാ ഭാരവാഹികൾ വിലങ്ങാട് പ്രളയ ദുരന്തത്തിൽ കഷ്ടത അനുഭവിച്ചവർക്കുള്ള സാമ്പത്തിക സഹായവും, മരുതോങ്കര മേഖലയിൽ ക്യാൻസർ രോഗത്താൽ കഷ്ടപ്പെടുന്ന സഹോദരിക്കുള്ള സഹായവും, കൂരാച്ചുണ്ട് മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടിക്കുള്ള വിവാഹ സഹായവും നൽകുന്നു.

### നല്ലിടയൻ പദ്ധതി

മാതൃവേദി, കുടുംബ കൂട്ടായ്മ, മദ്യവിരുദ്ധ സമിതി സംഘടനകളുടെ സഹകരണത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ കുടുംബങ്ങളെ സഹായിക്കാനുള്ള നല്ലിടയൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു.

### 2020 ലെ രൂപത വിഹിതവും

സമ്മാനകൂപ്പൺ വിറ്റഴിച്ചതിന്റെ തുകയും, കൂപ്പണും രൂപത ഓഫീസിൽ എത്തിക്കാൻ മേഖലാ പ്രതിനിധികളെ ചുമതലപ്പെടുത്തി.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

# ആദരാഞ്ജലികൾ

## റവ. സി. പ്രസില്ല എം.എസ്.എം.ഐ



പതിയിൽ ജോസഫ്-മേരി ദമ്പതികളുടെ മൂന്ന് മക്കളിൽ ഇളയമകളായി 1946 ജൂൺ 26 ന് തൊടുപുഴ തെന്നത്തൂർ ഇടവകയിൽ സി. പ്രസില്ല ജനിച്ചു. ഒരു സന്യാസിനി ആകണം എന്ന് കുഞ്ഞുന്നാൾ മുതൽമനസ്സിൽ സൂക്ഷിച്ച ആഗ്രഹത്തെത്തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മലബാറിൽ സ്ഥാപിതമായ എം.എസ്.എം.ഐ സന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്ന് 1970 മെയ് 4 ന് ആദ്യവ്രതവാഗ്ദാനവും 1976 മെയ് 12 ന് നിത്യവ്രതവാഗ്ദാനവും നടത്തി സിസ്റ്റർ തന്റെ സന്യാസയാത്ര തുടങ്ങി.

ദീർഘകാലം നഴ്സറി ടീച്ചറായി സേവനം ചെയ്ത സിസ്റ്റർ, സുപ്പീരിയർ ആയും സഭാപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. കുളത്തുവയൽ, കാസർഗോഡ്, നിലമ്പൂർ, ചമൽ, മേരിഗിരി, മരകാവ്, ഹെഗ്ഗദേ, ചെമ്പനോട, കുണ്ടുതോട്, വരാക്കര, ഷീരാടി, കൂമ്പാറ, നൂറാംതോട്, പയ്യനാട്, എന്നീ സ്ഥലങ്ങൾ സി. പ്രസില്ലയുടെ ശുശ്രൂഷാ രംഗങ്ങളായിരുന്നു.

നർമ്മരസത്തോടെ സംസാരിച്ച് ഏവരെയും സന്തോഷിപ്പിക്കുവാൻ സിസ്റ്ററിന് കഴിഞ്ഞിരുന്നു. കലാവാസനകളെ ഒരു മടിയും കൂടാതെ മറ്റുള്ളവർക്കായി നൽകാനുള്ള മനസ്സും സന്യാസനിയമങ്ങളോടുള്ള ആദരവും അത് പാലിക്കുന്നതിലുള്ള കൃത്യനിഷ്ഠയും, പ്രാർത്ഥനാ ചൈതന്യവും സിസ്റ്ററിലെ നന്മയുടെ പ്രതിഫലനമായിരുന്നു സഭാ പ്രവർത്തനങ്ങളിൽ ജാഗ്രതയോടെ മുന്നോട്ടു നീങ്ങുന്നതിനിടെ കാൻസർ ബാധിതയായി നാല് വർഷത്തോളം ചികിൽത്സയിലായിരിക്കവേയാണ് പാറോപ്പടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2021 ഫെബ്രുവരി 18 ന് വൈകിട്ട് 3 മണിയോടെ തന്റെ സ്വർഗ്ഗ സൗഭാഗ്യത്തിനായി നാഥന്റെ നിത്യകിരീടം ലക്ഷ്യമാക്കി സി. പ്രസില്ല യാത്രയായത്. ആത്മാവിന് നിത്യശാന്തി നേരുന്നു.

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരവിജയികളെ പ്രഖ്യാപിച്ചു

താമരശ്ശേരി രൂപത മരിയൻ പ്രൊലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇൻഫാമിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരത്തിന്റെ വിജയികളെ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രഖ്യാപിച്ചു. കോവിഡ് 19 മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ഉണ്ടായിരുന്നെങ്കിലും താമരശ്ശേരി രൂപതയിലെ കുടുംബങ്ങളെ ജീവ സംസ്കാരത്തെക്കുറിച്ച് നല്ല ആരോഗ്യമുള്ള കുടുംബങ്ങളുടെ ആവശ്യകതയെക്കുറിച്ചും ബോധവത്ക്കരിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരത്തിൽ വാലില്ലാപ്പുഴ ഇടവകയിലെ ശ്രീ. ജോസ് പി പാലക്കീൽ 15000 രൂപയുടെ ഒന്നാം സമ്മാനവും കോടഞ്ചേരി ഇടവകയിലെ ബേബി പുത്തൻവീട്ടിൽ 10000 രൂപയുടെ രണ്ടാം സമ്മാനവും തിരുവമ്പാടി ഇടവകയിലെ റെജി ജോസുകുട്ടി അരീത്തറ 7500 രൂപയുടെ മൂന്നാം സമ്മാനവും നേടി. രൂപതയിലെ കോൺവെന്റുകൾ തമ്മിലുള്ള മത്സരത്തിൽ കൂരാച്ചുണ്ട് എസ് എച്ച് കോൺവെന്റ് ഒന്നാം സ്ഥാനവും കരിയാത്തുംപാറ എസ്. എച്ച് കോൺവെന്റ് രണ്ടാം സ്ഥാനവും പാറോപ്പടി എം. എസ്. എം. ഐ പ്രെവിൻഷ്യൽ ഹൗസ് മൂന്നാം സ്ഥാനവും നേടി.

വിജയികളെ പ്രഖ്യാപിച്ച ചടങ്ങിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡന്റ് സജീവ് പുരയിടത്തിൽ, എക്സിക്യുട്ടീവ് അംഗം ശ്രീ. തങ്കച്ചൻ പുരയിടത്തിൽ എന്നിവർ പങ്കെടുത്തു. വിജയികളെ രീപതാദ്ധ്യക്ഷൻ ഫോൺ വിളിച്ച് അഭിനന്ദിച്ചു. ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കുവേണ്ടി ഈ കൊറോണകാലത്തും അക്ഷീണം പ്രയത്നിക്കുന്ന മരിയൻ പ്രോ-ലൈഫിന്റെ എല്ലാ ഭാരവാഹികളെയും പ്രവർത്തകരെയും പിതാവ് പ്രത്യേകം അഭിനന്ദിച്ചു.

അടുക്കളത്തോട്ട മത്സരത്തിൽ 167 കുടുംബങ്ങളാണ് രൂപതയിലെ വിവധ ഇടവകകളിൽ നിന്ന് പങ്കെടുത്തത്. മൂന്ന് പേരടങ്ങുന്ന വിധികർത്താക്കൾ ഓരോ ഭവനത്തിലും പോവുകയും, അടുക്കളത്തോട്ടങ്ങൾ കണ്ട് വിലയിരുത്തി ഫൊറോന തലത്തിൽ വിജയികളെ കണ്ടെത്തി. പിന്നീട് രൂപതാ സമിതിയുടെയും, സി.സി. തോമസ് ചെമ്പകമറ്റം, തോമസ് വെട്ടത്ത്, ദേവസ്യ കൊല്ലിത്താനത്ത്, തോമസ് കുമ്പപ്പള്ളി, ബേബി പഴംപ്ലാക്കൽ, സി. ലിൻസി എഫ്.എം.എ, സിബി ജോസഫ്, രാജേഷ് ഒറ്റപ്ലാക്കൽ, ജെയിംസ് ജോഷി പാറത്തോട് എന്നിവരുടെയും നേതൃത്വത്തിൽ നടത്തിയ രണ്ടാം ഘട്ട വിധിനിർണ്ണയത്തിൽ നിന്നാണ് രൂപതാ തലത്തിലെ വിജയികളെ തിരഞ്ഞെടുത്തത്. കുടുംബങ്ങൾക്കും കോൺവെന്റുകൾക്കും വേറെ വേറെയാണ് മത്സരം നടത്തിയത്. ഫൊറോനാ തലത്തിലുള്ള വിജയികൾക്ക് സർട്ടിഫിക്കറ്റും ഫലകവും നൽകുന്നതാണ്. ഫൊറോന തല വിജയികളെ ചുവടെ ചേർക്കുന്നു.

**1 താമരശ്ശേരി ഫൊറോന**

1st ജിമ്മി ജിമ്മി പള്ളിത്താഴത്ത് കൂടത്തായി

2nd ഷാജി തോമസ് വള്ളിക്കാട്ടിൽ കൂടത്തായി

**തിരുവമ്പാടി ഫൊറോന**

1st റെജി ജോസുകുട്ടി അരീത്തറ തിരുവമ്പാടി

2nd അഗസ്റ്റിൻ ഉണ്ണിക്കുന്നേൽ മുക്കം

2nd ആനി ഡേവിസ് മരിതുക്കുന്നേൽ കൂടരഞ്ഞി

2nd വിൽസൺ ജോർജ്ജ് പുതുപറമ്പിൽ പുല്ലൂരാംപാറ

**3 തോട്ടുമുക്കം ഫൊറോന**

1st ജോസഫ് പാലക്കിൽ വാലില്ലാപുഴ

2nd ചിന്നമ്മ പുത്തൻപുരയ്ക്കൽ തോട്ടുമുക്കം

**4 മരുതോങ്കര ഫൊറോന**

1st മനോജ് വി.ടി.വെട്ടിക്കൽ പടത്ത്കടവ്

2nd ജോർജ്ജ് പി.ജെ.പാലക്കൽതകിടിയിൽ കുണ്ടുതോട്

2nd ജോസ് പി.എം. പൊൻതകിടിയിൽ പൂഴിത്തോട്

**5 കൂരാച്ചുണ്ട് ഫൊറോന**

1st ദീപ ഷാജു കൊച്ചുവീട്ടിൽ കാറ്റുള്ളമല

2nd അഗൻസി ബേബി കൂമ്പുങ്കൽ കുളത്തുവയൽ

**6 കോടഞ്ചേരി ഫൊറോന**

1st ബേബി പുത്തൻവീട്ടിൽ കോടഞ്ചേരി

2nd ഷാജി ജോസഫ് വടശ്ശേരിൽ മഞ്ഞുവയൽ

**പാറോപ്പടി ഫൊറോന**

1st റെജി പി.വി. പിച്ചകപ്പള്ളിൽ, കുന്ദമംഗലം

2nd ജോസ് മാത്യു മുട്ടത്തുകുന്നേൽ, ചേവായൂർ

**മലപ്പുറം ഫൊറോന**

1st കെ.ഡി. ജോൺസൺ കക്കുഴ, പന്തല്ലൂർ

**പെരിന്തൽമണ്ണ ഫൊറോന**

1st പോൾസൺ ജോസ് ഈന്തനപ്രായിൽ, പെരിന്തൽമണ്ണ

2nd തോമസ് പി.വി. പുപ്പറമ്പിൽ, മരിയാപുരം

**വിലങ്ങാട് ഫൊറോന**

1st സിനി ബാബു കുടിപ്പാറ, മഞ്ഞക്കുന്ന്

2nd ജിൻസി കൂലിപ്പറമ്പിൽ, മഞ്ഞക്കുന്ന്

**കരുവാരകുണ്ട്**

1st സുനി ഷാജി ഈറ്റത്തോട്ടത്തിൽ, കാളികാവ്

2nd സുമ കണ്ണാമ്പടമറ്റത്തിൽ, പാതിരിക്കോട്

## ഏലീശ്വാ മീറ്റ് – ഗർഭിണികളുടെ സംഗമം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടി ഫൊറോനയിലെ എല്ലാ ഗർഭിണികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഏലീശ്വാ മീറ്റ് സംഘടിപ്പിക്കുന്നത്. ആഗോള പ്രോ-ലൈഫ് ദിനമയ മാർച്ച് 25 മംഗളവാർത്താ ദിനത്തോടനുബന്ധിച്ചാണ് ഏലീശ്വാ മീറ്റ് സംഘടിപ്പിക്കുന്നത്. മാർച്ച് 21 ഞായറാഴ്ച നടക്കുന്ന മീറ്റിൽ ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് വി. കുർബാനയോടുകൂടി ആരംഭിക്കുന്ന മീറ്റിൽ ഗർഭിണികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനയും കൗൺസിലിങ്ങും ഉണ്ടായിരിക്കുന്നതാണ്. തുടർന്നു നടക്കുന്ന പൊതു സമ്മേളനത്തിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ജീവസമൃദ്ധി അടുക്കളത്തോട്ട മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

## പ്രോ-ലൈഫ് ദിനാചരണം

ആഗോള പ്രോ-ലൈഫ് ദിനമായ മാർച്ച് 25 ന് താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ അഖണ്ഡജപമാലയും ആരാധനയും തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തുന്നു. മാർച്ച് 25 വ്യാഴാഴ്ച രാത്രി 8 മുതൽ 12 വരെയാണ് പ്രാർത്ഥനാ ശുശ്രൂഷ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് & ഇൻഫാം

# മദ്യവിരുദ്ധ സമിതി

## രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി

രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സംസ്ഥാന സർക്കാരിന്റെ വികലമായ മദ്യ നയത്തിനെതിരെ പ്രതിഷേധിക്കുക, നല്ലിടയൻ പദ്ധതിയോട് സഹകരിച്ചു കൊണ്ട് നിർദ്ധന കുടുംബങ്ങൾക്ക് ആടുകളെ വാങ്ങി നൽകുക, അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഇലക്ഷൻ നടത്തുക, മദ്യ, ലഹരി വസ്തുക്കൾക്ക് അടിമകൾ ആയവർക്ക് ചികിത്സാ സഹായ പദ്ധതികൾ ഉൾപ്പെടുന്ന ഞങ്ങളുണ്ട് കൂടെ പദ്ധതി നടപ്പിലാക്കുക, കോടഞ്ചേരിയിൽ ആരംഭിക്കുന്ന ബാറിനെത്തിരെ സമര പരിപാടികൾ ആസൂത്രണം ചെയ്യുക, തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു. അസി. ഡയറക്ടർ ഫാ. ജിജോ കളപ്പുരയ്ക്കൽ, പ്രസിഡന്റ് കുര്യൻ ചെമ്പനാനി, ആനിമേറ്റർ സിസ്റ്റർ ആഗ്നസ് ജോസഫ്, രാജൻ ഉറുമ്പിൽ, ജോളി ഉണ്ണിയേപ്പിള്ളിൽ, റോയ് ജോസ്, ജോസ് കെ. എസ്, കെ. സി ജോസഫ് തുടങ്ങിവർ യോഗത്തിൽ സംസാരിച്ചു.

## ഞങ്ങളുണ്ട് കൂടെ പദ്ധതി ആരംഭിച്ചു

മദ്യം, ലഹരി വസ്തുക്കൾ എന്നിവയ്ക്ക് അടിമകളായവരെ ചികിത്സിക്കുന്നതിനും കൗൺസിലിംഗ് നടത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സഹായിക്കുന്ന രീതിയിൽ ഞങ്ങൾ ഉണ്ട് കൂടെ എന്ന പദ്ധതി ആരംഭിച്ചു. ഡി അഡിക്ഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്നവരും കൗൺസിലിംഗ് വിദഗ്ധരും ഉൾപ്പെടുന്ന പ്രമുഖരുടെ ഒരു ടീം ആണ് മദ്യ ലഹരി വസ്തുക്കൾക്ക് അടിമകളായ ആളുകളെ ചികിത്സിച്ചു ഭേദമാക്കാൻ വേണ്ടി പ്രവർത്തിക്കുന്നത്.

## സംസ്ഥാന സർക്കാരിന്റെ വികലമായ മദ്യ നയത്തിൽ പ്രതിഷേധം

നാടെങ്ങും മദ്യ മൊഴുക്കുന്ന സർക്കാരിന്റെ വികലമായ മദ്യനയത്തിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റി പ്രതിഷേധിച്ചു. കൂടുതൽ ധർണ്ണകളും റാലികളും പ്രതിഷേധ സംഗമങ്ങളും നടത്തുന്നതിന് തീരുമാനിച്ചു. ഡയറക്ടർ ധർണ്ണ ഉദ്ഘാടനം ചെയ്തു. കുര്യൻ ചെമ്പനാനി, സിസ്റ്റർ ആഗ്നസ്, രാജൻ ഉറുമ്പിൽ, ജോളി ഉണ്ണിയേപ്പിള്ളിൽ, ടി. ടി തോമസ്, റോയി മുരി കോലിൽ, ജോയിക്കുട്ടി ലൂക്കോസ്, പി. വി ജോൺ, എൻ. വി അബ്രഹാം, സണ്ണി ടി. ജെ, ടോമി കെ. സി, തുടങ്ങിയവർ പ്രസംഗിച്ചു.

## കോടഞ്ചേരിയിൽ പുതിയ ബാർ അനുവദിക്കുന്നതിന് എതിരെ പ്രതിഷേധിച്ചു

ജനവാസ കേന്ദ്രമായ കോടഞ്ചേരി ടൗണിന് സമീപത്ത് പുതിയ ബാർ അനുവദിക്കുന്നതിന് എതിരെ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റി പ്രതിഷേധിച്ചു.

പഞ്ചായത്തുകൾ തോറും ഇത്തരം ബാറുകൾ അനുവദിക്കുന്നത് ജനജീവിതത്തിന് വലിയ ഭീഷണിയായി മാറുമെന്നും സാമൂഹ്യവിരുദ്ധ പ്രവണതകൾ വർദ്ധിക്കുമെന്നും പ്രതിഷേധ യോഗം ചൂണ്ടിക്കാട്ടി. മദ്യ വിരുദ്ധ സമിതി പ്രവർത്തകർ സ്ഥലം സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.

**മാർച്ച് 14 : മദ്യവിരുദ്ധ ഞായർ ആചരണം**

ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി നമ്മുടെ ഓരോ ഇടവകകളിലും, സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. ലഹരി വസ്തുക്കൾ മൂലമുണ്ടാകുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവൽക്കരണത്തിനു വേണ്ടി കൂടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# കരിസ്മാറ്റിക് മൂവ്മെന്റ്

കൂരാച്ചുണ്ട് സബ്സോണിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 20 രാവിലെ 6 മണി മുതൽ 21 രാവിലെ 6 മണി വരെ അഖണ്ഡ ജപമാല നടത്തി. എല്ലാ മാസവും നടക്കുന്നു. 23.1.21 ന് കെരിഗ്മ മിനിസ്ട്രി സോണൽ നേതൃത്വത്തോടു കൂടി കർഷകർക്ക് പ്രഘോഷണ യാത്രാ പ്രോഗ്രാം ചെയ്തു. 23.1.21 ന് താമരശ്ശേരി സബ്സോൺ കൂട്ടായ്മയും ഫെബ്രുവരി 1 ന് കോഴിക്കോട് സിറ്റി സബ്സോൺ കൂട്ടായ്മയും ഫെബ്രുവരി 5 ന് കൂരാച്ചുണ്ട് സബ്സോൺ കൂട്ടായ്മയും ഫെബ്രുവരി 15 ന് മരുതോങ്കര സബ്സോൺ കൂട്ടായ്മയും നടത്തി. കൂരാച്ചുണ്ട് ആനിമേറ്റർ ബഹു. ജെയിംസച്ചന്റെ നേതൃത്വത്തിൽ കൂടിയ കൂട്ടായ്മ ഫെബ്രുവരി 19 മുതൽ ഗൂഗിൾ മീറ്റിലൂടെ യുവ ദമ്പതികളെ പങ്കെടുപ്പ് രാത്രി 8 മുതൽ 10.30 വരെ ധ്യാനം നടത്താൻ തീരുമാനിച്ചു. ഏകദേശം 100 യുവദമ്പതികൾക്കായി ആഗ്രഹിച്ചു പ്രാർത്ഥിക്കുന്ന സർവ്വീസ് ടീമംഗങ്ങൾക്ക് പ്രാർത്ഥനയും അഭിനന്ദനങ്ങളും നേരുന്നു. ഫെബ്രുവരി 6 നു ചേർന്ന കോഴിക്കോട് സോൺ കോർ ഗ്രൂപ്പ് ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ കൂടി. ഫെബ്രുവരി 17 നു നടക്കുന്ന സർവ്വീസ് ടീമും 17 നു ആരംഭിക്കുന്ന കർഷക പ്രഘോഷണ യാത്രയും ഫെബ്രുവരി 19 നു കൂരാച്ചുണ്ടിൽ ആരംഭിക്കുന്ന യുവദമ്പതികളുടെ ധ്യാനവും മാർച്ച് 15 നു കുന്ദമംഗലത്ത് ചേരുന്ന കെ സി സി ആർ എസ് ടി യുടെ സോണൽ വിസിറ്റും വിലയിരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

നാളുകളായി നമ്മുടെ മലയോര മേഖലയിലെ കർഷക സഹോദരങ്ങൾ നേരിടുന്ന കസ്തൂരി രംഗൻ പശ്ചിമഘട്ട പ്രശ്നങ്ങൾ ബഫർ സോൺ വന്യമൃഗ ശല്യങ്ങൾ പകർച്ച വ്യാധികൾ വിലത്തകർച്ച മുതലായ നിരവധി പ്രശ്നങ്ങൾക്കു ഗവൺമെന്റ്

സംവിധാനങ്ങളോടൊപ്പം പൂർവ്വികർ അധ്വാനത്തോടൊപ്പം പ്രാർത്ഥനയിലും ആശ്രയിച്ചതു പോലെ ആശ്രയിക്കാം.

ഫെബ്രുവരി 17 നു 2.30 ന് ബഹുമാനപ്പെട്ട വാളൂക്ക് വികാരിയച്ചൻ റവ. ഫാ. നിധിൻ അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ചു. ഈ പ്രഘോഷണ യാത്രയ്ക്ക് കോഴിക്കോടു സോൺ കൊരിഗ്മ മിനിസ്ട്രി കോഡിനേറ്റർ രാജു മംഗലശ്ശേരി, ഷാജി അരിക്കത്തിൽ നേതൃത്വം നൽകുന്നു.താമരശ്ശേരി രൂപതയിലെ എൺപതിലേറെ സ്ഥലങ്ങൾ പിന്നിട്ട് മാർച്ച് 23 ന് കരുവാരക്കുണ്ടിൽ സമാപിക്കുന്നു. ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം. കൂരാച്ചുണ്ട് സബ്സോണിൽ യുവദമ്പതികൾക്കായി ആരംഭിച്ച ധ്യാനം (രാത്രി 8 മുതൽ 10.30 വരെ ഗൂഗിൾ മീറ്റ്) 23 ന് അവസാനിക്കുന്നു. ശക്തമായി പ്രർത്ഥിക്കാം, അനുഗ്രഹിക്കാം നേതൃത്വങ്ങൾക്കു അഭിനന്ദനങ്ങൾ.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

യുവാക്കൾ പോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം. ചെറുപ്പക്കാർ ശക്തിയറ്റു വീഴാം എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല (ഏശയ്യ 40:30-31). തളർന്നുപോയ മനസ്സിനും ശരീരത്തിനും ശക്തി പകരുവാൻ കഴിയുന്ന ദൈവത്തിൽ ആശ്രയിക്കുന്ന അനേകർ ഈ താളുകളിൽ ബഥാനിയായിലെ ശുശ്രൂഷകളിൽ പങ്കെടുക്കുകയുണ്ടായി.

### ഏകദിന കൺവെൻഷൻ

ഫെബ്രുവരി 5,12,19,26 തീയതികളിൽ ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ് ശുശ്രൂഷകൾ ബഥാനിയ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

### 101 മണികൾ ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും

ഫെബ്രുവരി 6-ാം തീയതി ശനിയാഴ്ച രാവിലെ മുതൽ 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിവരെ 101 മണിക്കൂർ ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും നടത്തി. വിവിധ ദിവസങ്ങളിൽ കുട്ടികൾ, കർഷകർ, പ്രവാസി സഹോദരങ്ങൾ, വിവാഹം നടക്കാത്തവർ, ബഥാനിയ ശുശ്രൂഷകൾ എന്നിങ്ങനെ പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചായിരുന്നു ശുശ്രൂഷകൾ. എല്ലാ ദിവസവും രാവിലെ 6

മണിക്കും ഉച്ചയ്ക്കും 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബാന ഉണ്ടായിരുന്നു. ധാരാളം ആളുകൾ പകലും രാത്രിയും ഈ ശുശ്രൂഷയിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു.

## സ്പിരിച്വൽ ഷെയറിങ്ങ്

മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്കു വേണ്ടി എല്ലാ വെള്ളിയാഴ്ചയും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ സ്പിരിച്വൽ ഷെയറിങ്ങ് നടത്തപ്പെട്ടു. ആത്മീയവും മാനസികമായും ബുദ്ധിമുട്ടുന്നവരെ പ്രത്യേക പരിശീലനം നേടിയവർ വരദാനങ്ങൾ ഉപയോഗിച്ച് ഈ ശുശ്രൂഷയിലൂടെ സഹായിക്കുന്നു.

## ബഥാനിയ ചെയിൻ റോസറി

ബഥാനിയ ശുശ്രൂഷകരും ഉപകാരികളും അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെട്ടിരുക്കുന്ന സമയങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

## നോമ്പ് 2021

വലിയ നോമ്പിനോട് അനുബന്ധിച്ച് ഈശോയുടെ പീഡാനുഭവ രഹസ്യങ്ങളെ ധ്യാനവിഷയമാക്കി വ്യക്തികളുടെ മാനസാന്തരത്തിനായി 40 ദിവസം നീണ്ടുനിൽക്കുന്ന ഒരു ആത്മീയ ശുശ്രൂഷ നോമ്പ് 2021 എന്ന പേരിൽ രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര കാർമ്മികത്വം വഹിച്ച വിഭൂതി തിരുനാൾ തിരുക്കർമ്മങ്ങളോടെ തുടക്കമായി. 40-ാം വെള്ളിയാഴ്ച (മാർച്ച് 26) സമാപിക്കുന്ന ഈ ശുശ്രൂഷയിൽ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബാന അർപ്പിക്കപ്പെടുന്നു. വി. കുർബാനകളോടനുബന്ധിച്ചും വെളുപ്പിന് 3 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും കുരിശിന്റെ വഴി പ്രാർത്ഥന നടത്തുന്നു. മറ്റു സമയങ്ങളിൽ ജപമാലയും കരുണയുടെ ജപമാലയും ചൊല്ലി ഇടമുറിയാതെ നടക്കുന്ന ഈ ശുശ്രൂഷയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ധാരാളമാളുകൾ ശക്തിപൂർവ്വം പങ്കെടുക്കുന്നു.

## ബഥാനിയ മീഡിയ മിനിസ്ട്രീസ്

രൂപതയുടെ ധ്യാനകേന്ദ്രമായ ബഥാനിയായിലെ ശുശ്രൂഷകൾ ഇപ്പോൾ ലോകം മുഴുവൻ ലഭ്യമാണ്. ബഥാനിയായുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ ബഥാനിയ വിഷനിലൂടെ വെള്ളിയാഴ്ച കൺവെൻഷനുകളും മറ്റു പ്രധാന ശുശ്രൂഷകളും സംപ്രേഷണം ചെയ്തു വരുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

ബഥാനിയ ധ്യാനകേന്ദ്രത്തിൽ എല്ലാ ദിവസവും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ദിവ്യകാരുണ്യ സന്നിധിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

## മാർച്ച് മാസങ്ങളിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 05 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 12 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 19 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 26 വെള്ളി | - | നോമ്പ് 2021 സമാപനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ദീപിക - ഡിഎഫ്സി

### 1. മേഖല ഡയറക്ടേഴ്സ്

ദീപികയുടെയും ഡിഎഫ്സിയുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ഫൊറോനയിലും അഭിവന്ദ്യ റെമീജിയോസ് പിതാവ് മേഖല ഡയറക്ടർമാരെ നിയോഗിച്ചു. ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ (വിലങ്ങാട്) ഫാ. മാത്യു കോട്ടക്കൽ (മരുതോങ്കര) ഫാ. വിൻസെന്റ് കണ്ടത്തിൽ (കൂരാച്ചുണ്ട്) ഫാ. അബ്രാഹം മഴുവഞ്ചേരി (താമരശ്ശേരി) ഫാ. സഖറിയാസ് നെടുമല (കോടഞ്ചേരി) ഫാ. അലക്സ് പനച്ചിക്കൽ (തിരുവമ്പാടി) ഫാ. സുധീപ് കിഴുക്കരക്കാട്ട് (തോട്ടുമുക്കം) ഫാ. ജോസഫ് ചുണ്ടയിൽ (മലപ്പുറം) ഫാ. പോൾ പൂവത്തിങ്കൽ (കരുവാരകുണ്ട്) ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ (പെരിന്തൽമണ്ണ) ഫാ. ജോസഫ് കളത്തില (പാറോപ്പടി) എന്നിവർ ഫെബ്രുവരി ഒന്നു മുതൽ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു. മേഖല ഡയറക്ടേഴ്സിന്റെ കോർഡിനേഷൻ, ദീപികയുടെ പരസ്യ കാര്യങ്ങളുടെ മേൽനോട്ടം തുടങ്ങിയവ അഭിവന്ദ്യപിതാവ് രൂപത ചാൻസലർ കൂടിയായ ഫാ. ജോർജ്ജ് മുണ്ടനാട്ടിനെ പ്രത്യേകമായി ചുമതലപ്പെടുത്തി.

### 2. മേഖല ഡയറക്ടർമാരുടെ പ്രഥമ സൂം മീറ്റിംഗ്

അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ഫെബ്രുവരി ഒന്നാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4.30 വരെ മേഖല ഡയറക്ടർമാരുടെ ഓൺലൈൻ മീറ്റിംഗ് നടന്നു.

പ്രവർത്തനയോടെ ആരംഭിച്ച യോഗത്തിൽ ഡിഎഫ്സി രൂപത ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര സ്വാഗതം ആശംസിച്ചു. തുടർന്ന് ആമുഖ പ്രഭാഷണം നടത്തിയ ഫാ. ജോർജ്ജ് മുണ്ടനാട്ട്, ദീപിക കടന്നുവന്നവഴികളെക്കുറിച്ചും ഇപ്പോഴുള്ള അവസ്ഥയെക്കുറിച്ചും വിശദീകരിച്ചു. ദീപിക കോഴിക്കോട് യൂണിറ്റ് ലാഭത്തിലാണെന്നും നമ്മൾ ഒന്നിച്ച് പരിശ്രമിച്ചാൽ വലിയ മുന്നേറ്റം നടത്താനാവുമെന്നും അച്ചൻ സൂചിപ്പിച്ചു.

ദീപികയുടെ മുന്നേറ്റത്തിന് മേഖല ഡയറക്ടർമാർക്ക് എങ്ങനെ പ്രവർത്തിക്കാനാവുമെന്ന പ്രായോഗിക തലത്തിലൂന്നിയാണ് അഭിവന്ദ്യ റെമീജിയോസ് പിതാവ് സംസാരിച്ചത്. ഇടവകയ്ക്കും ഫൊറോനക്കും നിശ്ചിത ടാർജറ്റ് വച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും മാസത്തിലൊരിക്കൽ ഒന്നിച്ചുകൂടി പ്രവർത്തന വിലയിരുത്തൽ നടത്തണമെന്നും ഡിഎഫ്സി ഭാരവാഹികളുമായി വ്യക്തിബന്ധം വേണമെന്നും പരസ്യങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

ഫൊറോന ഡയറക്ടർമാർക്ക് ഡിഎഫ്സി ഭാരവാഹികളുമായി വ്യക്തിബന്ധം സ്ഥാപിക്കാൻ കഴിയും വിധം ഇടവക സന്ദർശനങ്ങൾ നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തതായി ഫാ. തോമസ് പാറൻകുളങ്ങര അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ:

1 മാസത്തിലൊരിക്കൽ മേഖലാതലത്തിൽ ഇവാലുവേഷൻ മീറ്റിംഗ് സംഘടിപ്പിക്കുക.

2 ഓരോ ഫൊറോനയുടെയും ടാർജറ്റ് ക്രമപ്പെടുത്തി നൽകുക.

3 മേഖല ഡയറക്ടർമാരുടെ മീറ്റിംഗ് പിതാവിന്റെ അധ്യക്ഷതയിൽ മാസത്തിലൊരിക്കൽ നടത്തുക.

4 ദീപികയെ സഹായിക്കാൻ സാധിക്കുന്ന ഉപകാരികളെ കണ്ടെത്തുക.

5 100 വീടുകളുള്ള ഒരിടവകയിൽ നിന്നും ഒരു പത്രം എന്ന ക്രമത്തിൽ വാർഷിക വരിക്കാരെ കണ്ടെത്തുക.

6 ടീച്ചേഴ്സ്, മതാധ്യാപകർ, സംഘടനാഭാരവാഹികൾ, കുടുംബകൂട്ടായ്മ ലീഡേഴ്സ് തുടങ്ങിയവരെ ദീപികയുടെ കാര്യം ഓർമ്മപ്പെടുത്തി സഹകരിപ്പിക്കുക.

അഭിവന്ദ്യപിതാവിന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.

### 3. ഇടവക സന്ദർശനം

മേഖല ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഫെബ്രുവരി രണ്ട് മുതൽ ഇടവക സന്ദർശനം ആരംഭിച്ചു. ദീപിക സർക്കുലേഷൻ മാനേജർ ശ്രീ. പ്രിൻസി ജോസ് അതാത് മേഖലയിലെ ഡിഎഫ്സി പ്രസിഡന്റ് മാർ, മേഖല ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലാണ് ഇടവക സന്ദർശനം നടത്തിയത്. ഓരോ ഫൊറോനയിലെയും തീയതിയും ഇടവകകളിൽ എത്തിച്ചേരുന്ന സമയവും മുൻകൂട്ടി അറിയിച്ചിരുന്നതുകൊണ്ട് ഇടവകയിലെ ഡിഎഫ്സി ഭാരവാഹികൾ പള്ളിയിൽ എത്തുകയും സമയബന്ധിതമായി ഇടവക സന്ദർശനം നടക്കുകയും ചെയ്തു. പാറോപ്പടി (ഫെബ്രുവരി 2), കൂരാച്ചുണ്ട് (ഫെബ്രുവരി 3), പെരിന്തൽമണ്ണ (ഫെബ്രുവരി 4), മരുതോങ്കര (ഫെബ്രുവരി 5) മലപ്പുറം, കോടഞ്ചേരി (ഫെബ്രുവരി 6), തോട്ടുമുക്കം (ഫെബ്രുവരി 8), തിരുവമ്പാടി (ഫെബ്രുവരി 9), താമരശ്ശേരി (ഫെബ്രുവരി 19) എന്നീ ഫൊറോനകളിലാണ് സന്ദർശനം പൂർത്തിയായത്. ഡിഎഫ്സി ഭാരവാഹികളെ മേഖല ഡയറക്ടർമാർക്ക് പരിചയപ്പെടാനും ഇടവകയിൽ ദീപികയുടെ കാര്യങ്ങൾ ചർച്ചചെയ്യാനും ഈ സന്ദർശനം ഉപകരിച്ചു.

### 5 ദീപിക പ്രൊമോട്ടേഴ്സ്

ഓരോ ഇടവകയിലും ദീപികയുടെ കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കാൻ ദീപിക പ്രൊമോട്ടേഴ്സിനെ കണ്ടെത്തണമെന്ന അഭിവന്ദ്യപിതാവിന്റെ നിർദ്ദേശത്തെതുടർന്ന് ഓരോ ഇടവകയിലെയും ഡിഎഫ്സി ഭാരവാഹികളിൽ നിന്ന് ഒരാളെ ദീപികയുടെ പ്രൊമോട്ടറായി ചുമതലപ്പെടുത്തി. ദീപികയുടെ പരസ്യം സർക്കുലേഷൻ വാർത്ത എന്നീ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പ്രൊമോട്ടേഴ്സിന് ഉണ്ടാകണം. ഡിഎഫ്സി ഭാരവാഹികളെ കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തനങ്ങൾ ശാക്തീകരിക്കാനുള്ള ഉത്തരവാദിത്വവും പ്രൊമോട്ടറിനാണ്. ഇപ്രകാരം എല്ലാ ഇടവകയിലും ഫെബ്രുവരി പത്തോടെ പ്രൊമോട്ടർമാരെ കണ്ടെത്തി ചുമതല ഏൽപ്പിച്ചു.

## 5. ദീപിക പ്രൊമോട്ടേഴ്സ് സംഗമം

ദീപിക പ്രൊമോട്ടോഴ്സിന്റെ സംഗമം പി.എം.ഒ.സി യിൽ വച്ച് ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച നടന്നു. കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഓൺലൈനായി ഓഡിയൻസിനെ അഭിസംബോധന ചെയ്തു. ഡിഎഫ്സി രൂപത പ്രസിഡന്റ് അഡ്വ. ജോർജ്ജ് വട്ടുകുളം സ്വാഗതവും ഫാ. തോമസ് പാറൻകുളങ്ങര നന്ദിയും പറഞ്ഞു.

ദീപിക ദിനപത്രത്തിന്റെ ആവശ്യകതയെക്കുറിച്ചും പ്രൊമോട്ടേഴ്സിന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും വാർത്ത, പരസ്യം, സർക്കുലേഷൻ തുടങ്ങിയ കാര്യങ്ങളിൽ എങ്ങനെ വിജയിക്കാൻ സാധിക്കും എന്നതിനെക്കുറിച്ചും ഡിഎഫ്സി സംസ്ഥാന ജോയിൻ ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. ജോർജ്ജ് മുണ്ടനാട്ട് എന്നിവർ ക്ലാസുകൾ എടുത്തു. രൂപത സെക്രട്ടറി ജോളി ഉണ്ണിയേപ്പിള്ളിൽ പ്രോഗ്രാം നിയന്ത്രിച്ചു. 80 ഓളം പേർ പങ്കെടുത്ത മീറ്റിംഗ് ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## 6. ഡിഎഫ്സി ഫൊറോന ഭാരവാഹികളുടെയും ദിപിക പ്രൊമോട്ടേഴ്സിന്റെയും രൂപതാതല മീറ്റിംഗ്

ഡിഎഫ്സി ഭാരവാഹികളുടെയും പ്രൊമോട്ടേഴ്സിന്റെയും ഒരു ഓൺലൈൻ മീറ്റിംഗ് 21-ാം തീയതി ഞായറാഴ്ച 6 മണി മുതൽ 7.30 വരെ നടന്നു. ഫാ. തോമസ് പാറൻകുളങ്ങര എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഫാ. ജോർജ്ജ് മുണ്ടനാട്ട് ആമുഖ പ്രഭാഷണം നടത്തി. ദീപികയുടെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ടെന്നും ഇത് കൂട്ടായ്മയുടെ വിജയമാണെന്നും അദ്ദേഹം പറഞ്ഞു. രൂപത ഡയറക്ടർ അഡ്വ. ജോർജ്ജ് വട്ടുകുളം അധ്യക്ഷ പ്രസംഗം നടത്തി. നമ്മുടെ ബന്ധങ്ങൾ ഉപയോഗിച്ച് സാധിക്കുന്നത്ര സ്പോൺസേഴ്സിനെ കണ്ടെത്തണമെന്ന് അദ്ദേഹത്തിന്റെ ആശയത്തെ എല്ലാവരും അനുകൂലിച്ചു. ദീപികക്കുവേണ്ടി നടത്തുന്ന എല്ലാ പരിശ്രമങ്ങളും വലിയ ഒരു മിഷൻ പ്രവർത്തനമാണെന്നും പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഒന്നിച്ച് പ്രവർത്തിച്ചാൽ നമുക്ക് നേടാൻ സാധിക്കാത്തതായി ഒന്നുമില്ലെന്ന് പിതാവ് സൂചിപ്പിച്ചു. ദീപികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഞാൻ എപ്പോഴും കൂടെയുണ്ടാകുമെന്ന പിതാവിന്റെ വാക്കുകൾ എല്ലാവർക്കും സന്തോഷവും ആവേശവും നൽകുന്നതായിരുന്നു.

തുടർന്ന് മേഖല ഡയറക്ടർമാരും മേഖല പ്രസിഡന്റുമാരും ചർച്ചകളിൽ അഭിപ്രായം പങ്കുവച്ചു. മാസമീറ്റിംഗ് ഫൊറോന തലത്തിൽ നടത്തുവാൻ തീരുമാനിച്ചു. ഓരോ ഫൊറോനയുടെയും സർക്കുലേഷൻ ടാർജറ്റ് അതത് മാസം 20-ാം തീയതിക്കുള്ളിൽ കണ്ടെത്താൻ തക്കവിധം ക്രമീകരണങ്ങൾ മേഖല ഡയറക്ടറുടെയും പ്രസിഡന്റിന്റെയും നേതൃത്വത്തിൽ നടത്തും. പിതാവിന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, ഡിഎഫ്സി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

ഫാ. കുര്യൻ പുരമഠത്തിലിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു.

### ശിലാസ്ഥാപനം നടത്തി

പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ പുതിയ കെട്ടിടത്തിന് അഭിവന്ദ്യ താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തറക്കല്ലിട്ടു. ബിൽഡിംഗ് വർക്കുകൾ പുരോഗമിക്കുന്നു.

### Online Diploma in Counseling 2021

2021 ഫെബ്രുവരി 7 വൈകുന്നേരം 5.30 ന് ഉദ്ഘാടന കർമ്മം നടത്തി. പ്രാർത്ഥനയോടുകൂടെ ആരംഭിച്ച പ്രോഗ്രാമിലേക്ക് ഏവർക്കും ഫാ. കുര്യൻ പുരമഠത്തിൽ സ്വാഗതമേകി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ഉദ്ഘാടനവും ഡോ. പോൾ പുളിക്കൻ മുഖ്യപ്രഭാഷണവും നടത്തി. സി. റെയ്സി (മദർ ജനറൽ എസ്.ഡി. സിസ്റ്റേഴ്സ്), ഫാ. ആന്റണി (എച്ച്.ഒ.ഡി), ഡോ. ഷിബു കളരിക്കൽ (ഡയറക്ടർ, പി.എം.ഒ.സി) എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി ശാലിനി ഷിബി നന്ദിയും പറഞ്ഞു.

### എംഎസ്സി/ഡിപ്ലോമ

എല്ലാ ബാച്ചുകളുടെയും എക്സാമിനേഷൻ കഴിഞ്ഞു. പുതിയ സെമസ്റ്റർ ക്ലാസ്സുകൾ ഒന്നിടവിട്ട് ഓൺ ലൈ/ഓഫ് ലൈൻ ആയി ക്ലാസുകൾ നടത്താൻ തീരുമാനിച്ചു. എം.എസ്.സി. ഓൺലൈൻ ഡിപ്ലോമ എന്നീ പുതിയ ബാച്ചുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

### MTC Online Course

ജൂൺ 15 മുതൽ online ആയി ആരംഭിച്ച START ലെ ഏകവത്സര തീവ്രപരിശീലനകോഴ്സ് അതിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുകയാണ്. മാർച്ച് 31 ന് ഈ കോഴ്സ് പൂർത്തിയാകും. ചില യൂണിവേഴ്സിറ്റികളിലേക്കുള്ള ഓൺലൈൻ ആപ്ലിക്കേഷൻ ആരംഭിച്ചു കഴിഞ്ഞു. എന്നാൽ കോവിഡ് 19 കാരണം കേരള, CBSE ഇവയുടെ പ്ലസ്ടു പരീക്ഷകൾ വൈകി നടക്കുന്നതുകൊണ്ട് ഓൺലൈൻ ആപ്ലിക്കേഷനുകൾക്ക് സാ

വകാശം ലഭിക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും അവർക്കിണങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കാനും ഓൺലൈൻ ആപ്ലിക്കേഷൻ നടത്താനും സ്റ്റാർട്ട് സഹായിച്ചുവരുന്നു. START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും പതിവുപോലെ നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾ മീറ്റ് വഴിയും ആശയ വിനിമയം നടത്താറുണ്ട്. പ്രത്യേകമായി കരിയർ ഗൈഡൻസ് ആവശ്യമുള്ള ഈ ഘട്ടത്തിൽ കുട്ടികളുടെ സംശയങ്ങൾ നേരിട്ട് സംസാരിച്ചു പരിഹരിക്കുന്നു. മാർച്ച് 31 ന് കോഴ്സ് പൂർത്തിയാകുമെങ്കിലും അവരുടെ അഡ്മിഷൻ നടപടികൾ തീരുംവരെ എല്ലാവിധ സഹായസഹകരണങ്ങളും നല്കാൻ സ്റ്റാർട്ട് സന്നദ്ധമാണ്.

## Online Entrance Coaching for Postgraduation (English) Applicants

2020 നവംബർ ഒന്നു മുതൽ ആരംഭിച്ച EFLU, JNU, Delhi University, Hyderabad, Pondicherry, CUCET, മറ്റു Central University കൾ എന്നീ യൂണിവേഴ്സിറ്റികളിലേക്ക് PG ഇംഗ്ലീഷ് അഡ്മിഷന് വേണ്ടിയുള്ള Online English Entrance Coaching നാല് മാസങ്ങൾ പിന്നിട്ടു വിജയകരമായി മുൻപോട്ട് പോകുന്നു. ഈ വർഷം ഡിഗ്രി മൂന്നാം വർഷം പഠിക്കുന്നവർക്കും ഡിഗ്രി കഴിഞ്ഞവർക്കുമായാണ് ഇത് നടത്തപ്പെടുന്നത്.

## ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് ലോജിക്കൽ റീസണിങ് കോഴ്സ്

2021 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ 4 മാസം ദീർഘിക്കുന്ന ഇംഗ്ലീഷ് ഗ്രാമർ രണ്ട് മാസം പിന്നിട്ടിരിക്കുകയാണ്. വിവിധ കോഴ്സുകളിൽ പഠിക്കുന്നവരും വിവിധ മേഖലയിൽ ജോലി ചെയ്യുന്നവരുമായവർക്ക് വേണ്ടിയാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിവിധ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ, പ്ലസ് ടു, ഡിഗ്രി, പിജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനശേഷം ജോലിക്ക് ശ്രമിക്കുന്നവരുമായ യുവജനങ്ങൾ, പി.എസ്.സി. പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്നവർ എന്നിങ്ങനെയുള്ള നൂറോളം പേർ ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. ഇംഗ്ലീഷ് ലോജിക്കൽ റീസണിങ് എന്നീ പ്രധാനപ്പെട്ട വിഷയങ്ങളാണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പുതിയ Online English Grammar തീവ്രപരിശീലന Course ആരംഭിക്കുന്നു

ഇംഗ്ലീഷ് ഗ്രാമറിന് മുഖ്യപ്രാധാന്യം നൽകികൊണ്ട് എല്ലാ വർഷവും സ്റ്റാർട്ടിൽ താമസിച്ചുകൊണ്ട് നടത്തിവരാറുള്ള മൂന്നാഴ്ചത്തെ ഇംഗ്ലീഷ് ക്യാമ്പ് പലരും ആവശ്യപ്പെട്ടതനുസരിച്ച് കുടുതൽ പാഠ്യഭാഗങ്ങളും ഗൃഹപാഠങ്ങളും പരീക്ഷകളും ഉൾപ്പെടുത്തി രണ്ടു മാസത്തെ online കോഴ്സാക്കി നടത്താനുദ്ദേശിക്കുന്നു. 2021 ഏപ്രിൽ 10 ശനി മുതൽ ജൂൺ 10 വ്യാഴാഴ്ച വരെയായിരിക്കും ഈ തീവ്രപരിശീലനകോഴ്സ്. ഈ വർഷം 9, 10, 11 ക്ലാസ്സുകൾ പൂർത്തിയായവർക്കും പ്ലസ്ടുവോ ഡിഗ്രിയോ പിജിയോ കഴിഞ്ഞു പി.എസ്.സി, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന പരീക്ഷകൾ നീറ്റ്, കീം തുടങ്ങി വിവിധ മത്സരപരീക്ഷകൾ എന്നിവ എഴുതാൻ തയ്യാറായിക്കൊണ്ടിരിക്കുന്നവർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. ഈ വർഷം

പ്ലസ് ടു പരീക്ഷകൾ കഴിയുവാൻ വൈകുന്നതിനാൽ താല്പര്യമുള്ള കുട്ടികൾക്ക് പരീക്ഷകൾക്കു ശേഷം പിന്നീട് ആരംഭിക്കുന്ന പുതിയ Crash കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. ഫോൺ നമ്പർ: 8590468035, 0495 2357843. E-mail: startindia@gmail.com

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

## ആൽഫ മരിയ അക്കാദമി

### എൻട്രൻസ് ക്രാഷ് കോഴ്സ് 2021 ആൽഫയിൽ ആരംഭിക്കുന്നു

മെഡിക്കൽ എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള ക്രാഷ് കോഴ്സ് ആൽഫയുടെ മൊബൈൽ ആപ്ളിക്കേഷൻ വഴി ഓൺലൈനായി ഏപ്രിൽ മാസം 5 തീയതി മുതൽ ആരംഭിക്കുന്നു. keam, neet, jee main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കായുള്ള പരിശീലനമാണ് നല്കുന്നത്. അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04952962180, 7907028758,9946865818 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### പി എസ് സി സ്റ്റാഫ് നേഴ്സ് (dme) പരിശീലനം


2021 ൽ നടക്കുന്ന സ്റ്റാഫ് നേഴ്സ് (DME) പരീക്ഷക്കുള്ള പരിശീലനം തിരുവമ്പാടി ആൽഫയിൽ മാർച്ച് 1-ാം തീയതി മുതൽ ആരംഭിക്കുന്നു. ഓൺലൈൻ വഴിയാണ് ക്ലാസ്സുകൾ നടക്കുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫ ഓഫീസുമായി ബന്ധപ്പെടുക.

### പരീക്ഷയെഴുതി

ജനുവരി 30 ൽ പി എസ് സി നടത്തിയ DHS പരീക്ഷയിൽ ആൽഫയിൽ നിന്നും പരിശീലനം നേടിയ 105 ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതി.

### ഹൈസ്ക്കൂൾ ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചു (kerala,cbse&icse)

2021–2022 അധ്യയന വർഷത്തെ 10th ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.



**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# അൽഫോൻസ കോളേജ് തിരുവമ്പാടി

## നോളഡ്ജ് ബേയ്സ്ഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഫോർ ബിസിനസ് വെബിനാർ

അൽഫോൻസ കോളേജ് കോമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നോളഡ്ജ് ബേയ്സ്ഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഫോർ ബിസിനസ് എന്ന വിഷയത്തെ ആസ്പദമാക്കി കോളേജ് വിദ്യാർത്ഥികൾക്കായി വെബിനാർ നടത്തി. ഇന്റലക്ചൽ പ്രോപ്പർട്ടിയുടെ വിവിധ തലങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് വെബിനാർ സംഘടിപ്പിച്ചത്. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി വെബിനാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടറും കേരള യൂണിവേഴ്സിറ്റി ക്വാളിറ്റി അഷുറൻസ് സെൽ ഡയറക്ടറുമായ പ്രൊഫസർ ഗബ്രിയേൽ സൈമൺ തട്ടിൽ വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി. വിവിധ കോളേജുകളിൽ നിന്നായി ഇരുന്നൂറോളം വിദ്യാർത്ഥികൾ വെബിനാറിൽ പങ്കാളികളായി. കോമേഴ്സ് വിഭാഗം മേധാവി ശ്രീമതി സാനമ്മ തോമസ്, ശ്രീമതി ഷിജി ഫ്രാൻസിസ്, അഞ്ജലി അബ്രാഹം, അമ്പിളി കെ എന്നിവർ പ്രസംഗിച്ചു.

## ദേശീയ ബാലികാദിനം

അൽഫോൻസ കോളേജിൽ ദേശീയ ബാലികാദിനം വിവിധ പരിപാടികളോടെ ആചരിച്ചു. സൈക്കോളജി വിഭാഗം വിദ്യാർത്ഥികൾ, പെൺകുട്ടികളുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഹൃദയസ്പർശിയായ വീഡിയോ കോളേജ് യൂട്യൂബ് ചാനൽ വഴി റിലീസ് ചെയ്തു. വുമൺ ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ ദെ ആർ ഗ്രെയ്സ് ഫുൾഎന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥികൾക്കായി വെബിനാറും നടത്തി. പ്രൊവിഡൻസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ ഡോ. ഷാന്റി ജോസ് വെബിനാർ നയിച്ചു. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ദിനാചരണ പരിപാടിയിൽ ആധ്യക്ഷ്യം വഹിച്ചു. വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അധ്യാപകരായ ഫെജി മാനുവൽ സ്നേഹ മാത്യു, വിദ്യാർത്ഥി പ്രതിനിധികളായ ആര്യ അജയ കുമാർ എവ്‌ലിൻ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

## ഓറിയന്റേഷൻ പ്രോഗ്രാം

ഫെബ്രുവരി 17-ാം തിയ്യതി പി. ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ നേതൃത്വത്തിൽ അൽഫോൻസ കോളേജിൽ വച്ച് ജി എസ് ടി അക്കൗണ്ടിങ്ങ് ബ്രിഡ്ജ് കോഴ്സിനെ കുറിച്ചുള്ള ഓറിയന്റേഷൻ പ്രോഗ്രാം നടന്നു. കൊമേഴ്സ് വകുപ്പ് മേധാവി ശ്രീമതി സാനി തോമസ് സ്വാഗതപ്രസംഗം നടത്തി. അൽഫോൻസ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ഉദ്ഘാടനം ചെയ്തു. എ പി എ ഡയറക്ടർ ശ്രീ. ബിജു പിടി മുഖ്യാതിഥി ആയിരുന്നു.

സ്റ്റുഡന്റ് കോഡിനേറ്റർ അജയ് മാനുവൽ നന്ദി പറഞ്ഞു. മി. ഡിയോൺ ബബലു തോമസ്, ആൻമരിയ ജോസഫ്, അലക്സ് ബെന്നി എന്നീ അധ്യാപകരും 45 കുട്ടികളും, പരിപാടിയിൽ പങ്കെടുത്തു.

### വെബിനാർ നടത്തി

അൽഫോൻസ കോളേജിൽ കരിയർഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ ബിഗ് ഡാറ്റ ആൻഡ് ബിസിനസ് അനലിറ്റിക്സ് : കരിയർ പ്രോസ്പെക്ടസ് ഫോർ ഗ്രാജ്വേറ്റ് എന്ന വിഷയത്തിൽ വെബിനാർ നടത്തി പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി ഉദ്ഘാടനം ചെയ്തു. ഡി ഡി യു കൗശൽ കേന്ദ്ര, കുസാറ്റ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. നമിത അബൂബക്കർ മുഖ്യപ്രഭാഷണം നടത്തി. അധ്യാപകരായ ദിപിൻ സർജു, ആവണി എം കെ, കരിയർ സെൽ സ്റ്റുഡന്റ് കോഡിനേറ്റർ ഗോപിക അശോക്, എന്നിവർ പ്രസംഗിച്ചു.

### പഞ്ചദിന, ഹാന്റ് എംബ്രോയ്ഡറി പരിശീലനം

അൽഫോൻസ കോളേജിലെ വുമൺ ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾ, അവരുടെ അമ്മമാർ, സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട സ്ത്രീകൾ എന്നിവർക്കായി ഹാന്റ് എംബ്രോയ്ഡറി ക്ലാസ്സുകൾ ഫെബ്രുവരി 20 ശനിയാഴ്ച മുതൽ അഞ്ച് ദിവസം സൗജന്യമായി സംഘടിപ്പിച്ചു. അറിയപ്പെടുന്ന യൂട്യൂബറായ ആഷ് ഡിസൈൻ സ്ഥാപക എം.ഡി ഐശ്വര്യ അമൽ നയിച്ച ഓൺലൈൻ പഞ്ചദിന ശില്പശാലയിൽ 95 സ്ത്രീകൾ പങ്കെടുത്തു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## വിദ്യാഭ്യാസരംഗം

### പ്രധാനാധ്യാപക സംഗമം

കോവിഡ് പകർച്ചവ്യാധി മൂലം ഒരു വർഷമായി മാറ്റിവെയ്ക്കപ്പെട്ട കോർപ്പറേറ്റ് പ്രധാനാധ്യാപക സംഗമം 18.02.2021 ന് രൂപതാ ഭവനിൽ അഭിവന്ദ്യ പിതാവ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉത്ഘാടനം ചെയ്തു. HM ഫോറം പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ സ്വാഗ തം ആശംസിച്ച ചടങ്ങിൽ കോർപ്പറേറ്റ് മാനേജർ ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ അധ്യക്ഷൻ ആയിരുന്നു. 2019 20 അധ്യയന വർഷത്തെ മികച്ച SSLC, +2 വിജയത്തിന് പിന്നിൽ കഠിനാധ്വാനം ചെയ്ത (SSLC - 99.34%, +2 -86.75%) അധ്യാപകരെ അഭിവന്ദ്യ പിതാവ് അനുമോദിച്ചു. 2016 മുതൽ തടസ്സപ്പെട്ട ഹയർ സെക്കണ്ടറി സ്കൂൾ (വേനപ്പാറ HSS,തോട്ടുമുക്കം HSS, പുല്ലൂരാംപാറ HSS) അധ്യാപകരുടെ തസ്തികനിർണയ ഉത്തരവും (41/2021) 2016 മുതൽ കെ.ഇ.ആർ

ഭേദഗതിവഴി വഴിമുട്ടിയ അധികതസ്തിക നിയമന അംഗീകാരവും (4/2021) ഉത്തരവുകൾ വഴി നേടിയെടുക്കാൻ സാധിച്ചതിന്റെ ചാരിതാർഥ്യം പിതാവ് അറിയിച്ചു.അഭിവന്ദ്യ മെത്രാ ന്മാരുടെയും കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷന്റെയും അവിശ്രാന്ത പരിശ്രമത്തിന്റെ കൂടി പരിണിത ഫലമാണിത് എന്ന് പിതാവ് ഓർമിപ്പിച്ചു. ഇതോടൊപ്പം 2010,2014 വർഷങ്ങളിൽ ആരംഭിച്ച 7 ഹയർ സെക്കണ്ടറി സ്കൂളുകൾക്കും തിരുവമ്പാടി അൽഫോൻസാ കോളേജിനും ന്യൂന പക്ഷ പദവി അംഗീകരിച്ചുകിട്ടാനുള്ള NOC നേടാനായതും മികച്ച നേട്ടമായി കോർപ്പറേറ്റ് മാനേജർ ചൂണ്ടികാണിച്ചു.ഇതോടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മുഴുവൻ സ്ഥാപനങ്ങൾക്കും ന്യൂനപക്ഷ പദവി ലഭിക്കുന്ന സാഹചര്യം സംജാതമാവുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായി കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള 28 സ്കൂളുകൾ ഉന്നത നിലവാരമുള്ള കെട്ടിടങ്ങളിൽ മികച്ച വാർന്ന പഠനസൗകര്യങ്ങളുള്ള സ്ഥാപനങ്ങളായി മാറിയത് രൂപതയുടെ വിദ്യാഭ്യാസ വീക്ഷണത്തിന്റെ തെളിവായി അഭിവന്ദ്യ പിതാവ് ചൂണ്ടിക്കാട്ടി. ഈ പരിശ്രമത്തിൽ അധ്യാപകരും മറ്റ് ജീവനക്കാരും നൽകുന്ന 'ഗുരുനിധി' ഫണ്ട് മാതൃകാപരമായ സഹകരണമായി കണ്ട് അവരോടും പിതാവ് കൃതജ്ഞത രേഖപ്പെടുത്തി.

പുതിയ സർക്കാർ ഉത്തരവുകളിലൂടെ യുവ അധ്യാപകർക്ക് കൈവന്ന സ്ഥിരനിയമനം രൂപതയുടെ ദൈവജനത്തോടുള്ള കടപ്പാടായി കാണണ മെന്നും, വരും വർഷങ്ങളിൽ അധിക തസ്തികകളുടെ അനിവാര്യത ഉണ്ടെങ്കിൽ മാത്രം പരിഗണിച്ചാൽ മതിയെന്നും എത്രയും പെട്ടന്ന് പുതിയ നിയമന ഉത്തരവുകൾ അനുസരിച്ച് തസ്തിക അംഗീകാരം ഉറപ്പാക്കണ മെന്നും രൂപതാധ്യക്ഷൻ ആവശ്യപ്പെട്ടു. 2021 ൽ വിരമിക്കുന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ജീവനക്കാർക്ക് രൂപതയിലെ 3 കേന്ദ്രങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് കോവിഡ് പ്രോട്ടോകോൾ അനുവദിക്കുന്നതുപോലെ യാത്രയയപ്പ് യോഗം സംഘടിപ്പിച്ച് കോർപ്പറേറ്റ് ഏജൻസി യുടെ ആദരവുകൾ പ്രകടിപ്പിക്കാൻ യോഗം തീരുമാനിച്ചു. സി. റാണി എഫ്. സി.സി യുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗം നിയുക്ത വൈസ് പ്രസിഡന്റ് ശ്രീമതി ലില്ലി കുട്ടി ജോർജ്ജിന്റെ കൃതജ്ഞതയോടെ അവസാ നിച്ചു.

**കോർപ്പറേറ്റ് Principal's & HM's ഫോറത്തിന്റെ പുതിയ ഭാരവാഹികൾ**

ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ (പ്രസിഡന്റ്)
ശ്രീമതി ലില്ലി കുട്ടി ജോർജ്ജ് (വൈസ് പ്രസിഡന്റ്)
ശ്രീ. ജേക്കബ് കോച്ചേരി (സെക്രട്ടറി)
ശ്രീമതി റൂബി തോമസ് (ജോ. സെക്രട്ടറി)
പുതിയ ഭാരവാഹികൾക്ക് വിജയാശംസകൾ

**ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപ്പറേറ്റ് മാനേജർ

# അജപാലനക്കുറിപ്പുകൾ

ഫെബ്രുവരി 2021

01. രാവിലെ തേക്കുകുറ്റി സി.എം.സി. കോൺവെന്റിൽ വി. കുർബ്ബാന യർപ്പിച്ചു.

രൂപതാഭവനിൽ എ.കെ.സി.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തദ്ദേശതിരഞ്ഞെടുപ്പിൽ വിവിധ ഇടവകകളിൽ നിന്ന് വിജയിച്ചവരെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

02. രാവിലെ മേരിക്കുന്ന് കരുണാഭവനിൽ വി. കുർബ്ബാനയർപ്പിച്ചു.

മേരിക്കുന്ന് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു.

മേരിക്കുന്നിൽ ഹോമേജ് കോംപ്ലക്സിൽ ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂ ട്ടിന്റെ പുതിയ മന്ദിരത്തിന് തറക്കല്ലിട്ടു.

ഉച്ചകഴിഞ്ഞ് ബഹു. കേരള മുഖ്യമന്ത്രിയുമായുള്ള ഒരു വീഡിയോ കോൺഫറൻസിൽ സംബന്ധിച്ചു.

03 – 06 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ദൈവശാ സ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

05. കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ പുതിയ വോളിബോൾ കോർട്ട് ഉദ്ഘാടനം ചെയ്തു.

06. കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുവേ ണ്ടിയുള്ള സംവരണം (EWS) സംബന്ധിച്ച ഒരു സെമിനാർ ഉദ്ഘാടനം ചെയ്തു.

കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിലെ കൈയ്യെഴുത്ത് മാസികയായ 'റായത്താവ'യുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

10. രാവിലെ കൂരാച്ചുണ്ട് ഇടവകയിൽ സി.ഒ.ഡി. യുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഒരു ഭവനം വെഞ്ചരിച്ചു.

വിലങ്ങാട് ഇടവകയിൽ 2019 ൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഭവനം നഷ്ടപ്പെട്ട 11 കുടുംബങ്ങൾക്ക് നിർമ്മിച്ചു നൽകിയ വീടുകൾ വെഞ്ചരി ക്കുകയും താക്കോൽദാന പൊതുയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

11–12 പുതുപ്പാടി ഫിലിപ്പ്നേരി സന്യാസിനീ സമൂഹത്തിന്റെ പ്രഥമ ജനറൽ സിനാക്സിസിൽ പങ്കെടുത്തു.

11. തിരുവമ്പാടിയിൽ ഒരു വിവാഹം ആശീർവദിച്ചു.

17. രാവിലെ രൂപതാഭവനിൽ ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

18. രാവിലെ രൂപതാഭവനിൽ വെച്ച് നടന്ന കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്തു.

21. ദീപിക രൂപത പ്രൊമോട്ടേർസ് ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ച വരെ അഭിസംബോധന ചെയ്തു.

22. രാവിലെ രൂപതാഭവനിൽ, മരിയൻ പ്രോ-ലൈഫ്, ഇൻഫാം, ദീപിക ഫ്രണ്ട്സ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ അടുക്കള തോട്ട മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിക്കുന്ന ചടങ്ങിൽ സംബ ന്ധിച്ചു.

ഓൺലൈൻ ആയി സംഘടിപ്പിച്ച ഇഫ (Institute of Food and Agricultural Ethics) മീറ്റിംഗിൽ പങ്കെടുത്തു.

24. രാവിലെ വെറ്റിലപ്പാറ ഇടവകയിൽ വി.കുർബ്ബാന അർപ്പിച്ചു.

25. രാവലെ ഫൊറോന വികാരിമാരുടെ യോഗത്തിൽ സംബന്ധിച്ചു.

വൈകുന്നേരം രൂപതാഭവനിലെ വൈദികരോടൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.

26. രാവിലെ രൂപതാഭവനിൽ മാസധ്യാനത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

27. രാവിലെ കുളിരാമുട്ടി ഇടവകയിൽ പരേതനായ പി.വി. ജോർജ്ജ് വാഴപ്ലാംകുടിയിലിന്റെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.



*St. Joseph, Pray for us*



# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദെ'യുടെ സമാപനത്തിലെ പ്രാർത്ഥന)

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 28-02-2021 |



ഓശാന.... ഓശാന.... ദാവീദിൻ സുതനോശാന.

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.



## Pope Francis



# "Behold, we are going up to Jerusalem" (Mt 20:18)
# Lent: a Time for Renewing Faith, Hope and Love

Dear Brothers and Sisters,

Jesus revealed to his disciples the deepest meaning of his mission when he told them of his passion, death and resurrection, in fulfilment of the Father's will. He then called the disciples to share in this mission for the salvation of the world.

In our Lenten journey towards Easter, let us remember the One who "humbled himself and became obedient unto death, even death on a cross" (Phil 2:8). During this season of conversion, let us renew our faith, draw from the "living water" of hope, and receive with open hearts the love of God, who makes us brothers and sisters in Christ. At the Easter vigil, we will renew our baptismal promises and experience rebirth as new men and women by the working of the Holy Spirit. This Lenten journey, like the entire pilgrimage of the Christian life, is even now illumined by the light of the resurrection, which inspires the thoughts, attitudes and decisions of the followers of Christ.